ജനകീയ

# സമരകഥകൾ

By

പ്രൊഫ്. കെ ആർ. കമ്മത്ത്.

No. 2936

# ജനകീയ

# സമരകഥകൾ

THE KOTTAYAM PUBLIC LIBRARY
KOTTAYAM.
TRAVANCORE.

MF9

ഗ്രന്ഥകർത്താ:

എസ്. കെ. ആർ. കമ്മത്ത്.

പ്രസാധകൻ:

പി. വി. വാസുദേവപ്പണിക്കർ

പി. വി. പി. സ്റ്റോഴ്സ്

കലവൂർ (ആലപ്പുഴ)

*Travancore State.*

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

ഒന്നാംപതിപ്പ് 1000

1123.

വില 8 ണ.

ബി. കെ. എം. പ്രസ്സ്, ആലപ്പുഴ.

# രാജ്യദ്രോഹി

കെ. പി—യോടു് ആ കൗടില്യൻ വീണ്ടും വീണ്ടും ഉറപ്പിച്ചുപറഞ്ഞു, നിർദ്ദേശാനുസരണം പ്രവൃത്തിക്കുന്നപക്ഷം അടുത്ത ഭാവിയിൽ തന്നെ ഒരു മുൻസിപ്പുദ്യോഗം കൊടുക്കാമെന്നു്. കെ. പി—യെപ്പോലെയുള്ള യഥാർത്ഥ രാജ്യഭക്തന്മാരെ താൻ ഒരിക്കലും കൈവെടിയുകയില്ലെന്നും അദ്ദേഹം വെളിപ്പെടുത്തി. കെ. പി—യ്ക്കു് സന്തോഷമായി. ഒരുകേസ്സില്ലാവക്കീലിന്റെ അധഃപതിച്ച ജീവിതത്തേക്കാൾ എത്ര ഭേദമാണ് ഒരു മുൻസിപ്പിന്റെ ജീവിതം! അദ്ദേഹത്തിന്റെ ആജ്ഞ എള്ളിടപോലും വ്യത്യാസംകൂടാതെ അനുഷ്ഠിക്കാമെന്നു് കെ. പി—സമ്മതിച്ചു. പാരിതോഷികമായികിട്ടിയ അയ്യായിരം രൂപയുടെ കറൻസിനോട്ടുകൾ പാക്കററിൽ നിക്ഷേപിച്ചു്, അയാൾ ഹൃദയം നിറഞ്ഞ ആനന്ദത്തോടെ മടങ്ങി.

ആ നാട്ടുരാജ്യത്തിലെ ജനങ്ങൾ സ്റ്റേററുകാൺഗ്രസ്സിന്റെ കൊടിക്കീഴിൽ അണിനിരന്നു് സ്വാതന്ത്ര്യസമ്പാദനത്തിനുവേണ്ടി സമരംതുടങ്ങിയിരിക്കുകയാണ്. വിദേശിയും സ്വേച്ഛാധിപതിയുമായ ആ കൗടില്യനെ തങ്ങളുടെ ധർമ്മഭൂമിയിൽ നിന്നു നിഷ്കാസനം ചെയ്യുക—മഹാരാജാവിന്റെ പരമാധികാരത്തോടു കൂടിയ ഉത്തരവാദഭരണം സ്ഥാപിച്ചു കിട്ടുക

അതായിരുന്നു ജനങ്ങളുടെ താല്ക്കാലികമായ രണ്ടാവശ്യം. ആ രണ്ടാവശ്യങ്ങളും സാധിച്ചുകിട്ടും വരെ സമരം തുടരുവാൻ തന്നെ അവർനിശ്ചയിച്ചു. ഒരു ഭയങ്കരശത്രുവിനോടാണ് തങ്ങൾനേരിട്ടിട്ടുള്ളതെന്ന് അറിയാമായിരുന്നുവെങ്കിലും അവക്ക് അശേഷം അധൈര്യമുണ്ടായില്ല. തങ്ങളുടെ വിജയത്തിൽ അവർ സംശയിച്ചില്ല.

മുമ്പെങ്ങുമില്ലാത്ത വണ്ണം ഒരു ഐക്യബോധം ജനങ്ങളുടെഇടയിൽ ഉളവായി. ഉദ്യോഗമാകുന്ന അപ്പക്ഷണം പിടിച്ചുപറിക്കുവാൻവേണ്ടി തമ്മിൽ തല്ലിത്തലകീറുന്ന മ്ലേച്ഛമായപതിവ് ഏതോമായാജാലംകൊണ്ടെന്നപോലെ നിശ്ശേഷം നിലച്ചു. ദുർഗ്ഗന്ധമലീമസമായ വർഗ്ഗീയതയിൽനിന്ന് ത്യാഗവും സൗഭ്രാത്രവും പരിമളം പരത്തുന്ന ദേശീയതയുടെ പൂങ്കാവിലേക്കു അവർ കാലുകൾ വച്ചു. അഭിപ്രായ ഭിന്നതകൾ വിസ്മൃതമായി. കുബേരകുചേലഭേദം താല്ക്കാലികമായെങ്കിലും അപ്രത്യക്ഷമായി. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള വർഗ്ഗസമരവും ഒന്നുശമിച്ചു. അഭിമാനമായി ജീവിക്കുവാനുള്ള പരിസരംസൃഷ്ടിക്കുക, കഴിഞ്ഞപത്തുകൊല്ലക്കാലമായി തങ്ങളെ, തമ്മിൽ തല്ലിച്ചും മർദ്ദിച്ചും ചൂഷണം ചെയ്തും ഭരണം നടത്തുന്നആ കൗടില്യനെപറഞ്ഞയക്കുക—ആരണ്ടുസംഗതികളിൽ അവക്ക് അഭിപ്രായ ഭിന്നത ഉണ്ടായില്ല. അങ്ങനെ, ആരുടെയും പ്രേരണകൂടാതെതന്നെ അവർ യോജിച്ചു. തങ്ങൾ സഹോദരരാണെന്നുള്ള ബോധം അവക്കുണ്ടായി. വെടിയുണ്ടകളെ സമന്ദഹാസം നേരിടുവാനായി അവർ മുന്നോട്ടിറങ്ങി.

കേവലം അടിമകളെപ്പോലെ, തന്നെ ഭയന്ന് കഴിഞ്ഞുകൂടിയ ജനങ്ങൾ തനിക്ക് എതിരായി സമരഭൂവിലേക്ക ഇറങ്ങിയപ്പോൾ--സ്വാതന്ത്ര്യം തങ്ങളുടെ ജന്മാവകാശമാണെന്നും ഭരണം തങ്ങളെ ഏല്പിക്കാത്തപക്ഷം പിടിച്ചുവാങ്ങുമെന്നും അവർ ധീരമായി പ്രഖ്യാപിച്ചപ്പോൾ-ആ ഉഗ്രനായ സ്വേഛാധിപതിയുടെ കണ്ണുകൾ ചുമന്നു. ജനങ്ങളുടെ'ധിക്കാരം' അദ്ദേഹത്തെതികച്ചും കോപാന്ധനാക്കി. ആ ജനകീയ സമരത്തെ തകത്തു തിരിപ്പണമാക്കുമെന്ന് അദ്ദേഹം തൻെറ സേവകവൃന്ദത്തോട്ട് അട്ടഹസിച്ചുപറഞ്ഞു.

സമാധാനവും സൗഖ്യവും നിറഞ്ഞ ഒരന്തരീക്ഷത്തിൽ ജീവിക്കുവാൻവേണ്ടി നിരായുധരായി സമരം തുടങ്ങിയ ആ നാട്ടുരാജ്യനിവാസികളുടെ നേരെ തോക്കുകൾ തിരിച്ചു വയ്ക്കപ്പെട്ടു! ആജ്ഞമുഴങ്ങി. വെടിയുണ്ടകൾ ചീറിപ്പാഞ്ഞു. തുടരെത്തുടരെപ്പാഞ്ഞു. രാജ്യത്തിൻെറ ഒരററം മുതൽ മറേറയററംവരെ പാഞ്ഞു.

അങ്ങനെ, ഒരാഴ്ചക്കാലം രാജ്യമാസകലം ക്രൂരവും പൈശാചികവുമായ ഒരു നരവേട്ട നടന്നു: എങ്കിലും ആ ജനകീയസമരം പരാജയപ്പെട്ടില്ല. അതിൻെറ തീക്ഷ്ണത വദ്ധിച്ചതേയുള്ളു.

താൻ ഉദ്ദേശിച്ച ഫലം, ആ നരവേട്ടയുടെ ശേഷവും ഉണ്ടായില്ലെന്നു കണ്ടപ്പോൾ കൗടില്യൻ ചിന്താഗ്രസ്ഥനായി. വെടിയുണ്ടകൾക്കും ആ അടിമപ്പുഴുക്കളെ നല്ലപാഠം പഠിപ്പിക്കുവാൻ സാദ്ധ്യമല്ലാതായിയെന്നോ? അദ്ദേഹം അത്യുഗ്രപ്രതീ

ക്ഷിച്ചതല്ല. ബുദ്ധിയുടെ ആയുധശാലയിൽ നിന്നു പുതിയ ചില ആയുധങ്ങൾ തപ്പിയെടുത്ത് ആ ജനകീയസമരത്തിൻെറ നേരേ പ്രയോഗിക്കുവാൻ തന്നെ ഒടുവിൽ അദ്ദേഹം തീരുമാനിച്ചു.

ആ കൗടില്യൻ അപ്പക്കഷണങ്ങൾ തൂക്കിപ്പിടിച്ച് ആകർഷകമായ സ്വരത്തിൽ വിളിച്ചപ്പോൾ വാലാട്ടിഓടിച്ചെല്ലുവാൻ ചില മനുഷ്യനായ്ക്കളുണ്ടായി. "നിങ്ങളാണ് യഥാർത്ഥ രാജ്യഭക്തന്മാർ! നിങ്ങളാണീ നാട്ടിൻെറ അഭിമാനം സംരക്ഷിക്കുന്നതിന് കടമപ്പെട്ടവർ! നിങ്ങളുടെ സഹായ സഹകരണം ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കട്ടെയോ?" അതിചതുരനായ ഒരു നടനെപ്പോലെ അദ്ദേഹം അഭിനയിച്ചു. വികാരം നിറഞ്ഞ ഭാഷയിൽ അദ്ദേഹം സംസാരിച്ചു.

"അങ്ങേയ്ക്കുവേണ്ടി എന്തും ചെയ്യുവാൻ ഈ ദാസന്മാർ സദാസന്നദ്ധരാണ്. അങ്ങ് ആജ്ഞാപിച്ചാലും-" കരിങ്കാലികൾ ഐകകണ്ഠ്യേന പറഞ്ഞു.

"ഭേഷ്! നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങളുടെ ധീരതയെ ഞാൻ വിലമതിക്കുന്നു. നിങ്ങൾ എന്തും ചെയ്യുവാൻ തക്ക കഴിവുള്ളവരാണെന്ന് എനിക്ക് ഇപ്പോൾ ബോദ്ധ്യമായി."

ഗൗരവംനിറഞ്ഞ മുഖഭാവത്തോടെ അദ്ദേഹം തുടർന്നു:—

"നമുക്ക് ഈ സ്റ്റേറ്റുകോൺഗ്രസ്സിനെ എങ്ങനെയെങ്കിലും തകർക്കണം. നിങ്ങൾ എന്തുപറയുന്നു?"

"എല്ലാവരും ഒരേസ്വരത്തിൽ: "തകർക്കണം-നിശ്ചയമായി തകർക്കണം."

അദ്ദേഹത്തിൻെറ മുഖത്തെ ഗൗരവം അല്പം കൂടിവ ൎദ്ധിച്ചു:—

"അവൎക്ക് സ്വാതന്ത്ര്യം വേണംപോലും! നിങ്ങൾ തുറന്നു പറയുവിൻ, അവൎക്കോ നമുക്കോ സ്വാതന്ത്ര്യം വേണ്ടതു്?"

എല്ലാവരും:–"നമുക്ക്! നമുക്ക്!"

അദ്ദേഹം കോപംകൊണ്ടു് വിറച്ചുതുടങ്ങി:—

"അത്രമാത്രമോ! ഞാൻ രാജിവച്ചു് പോകണംപോലും! അല്ലെങ്കിൽ അവർ എന്നെ പിരിച്ചയയ്ക്കും പോലും! നിങ്ങൾ തുറന്നു പറയുവിൻ, ഞാൻ പോകണോ?"

എല്ലാവരും:–"അയ്യോ! അങ്ങ് പോകരുതേ!! പോകരുതേ!!!"

അദ്ദേഹത്തിൻെറ മുഖം പ്രസന്നമായി. അദ്ദേഹം പറഞ്ഞു:—

"നിങ്ങൾ പറഞ്ഞതാണു് ശരി. അവൎക്കു സ്വാതന്ത്ര്യംകൊടുത്താൽ ഈ രാജ്യം മുടിയും. ഞാൻപോയാൽ ഈ രാജ്യം തകരും. പത്തുകൊല്ലം മുമ്പു് ഞാൻ ഇവിടെ വന്നു് ഉദ്യോഗം സ്വീകരിച്ച അവസരത്തിൽ ഈ രാജ്യത്തിൻെറ സ്ഥിതി എത്ര ദയനീയമായിരുന്നുവെന്നു് നിങ്ങൾക്കു അറിയാമല്ലോ. ഈ പത്തുകൊല്ലത്തെ ഭരണംകൊണ്ടു് ഞാൻ ഇവിടെ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തിയെന്നും നിങ്ങൾക്ക് അറിയാമല്ലൊ. പരമാൎത്ഥത്തിൽ ഞാൻ ഈ രാജ്യംസ്വൎഗ്ഗലോകമാക്കിത്തീൎക്കയല്ലേ ചെയ്തതു്?"

എല്ലാവരും:-"അതെ നിശ്ചയമായും, ഇന്ന് ഈ രാജ്യം സ്വർഗ്ഗലോകമാണ്. അങ്ങ് ഇവിടെ വന്നതിൽ പിന്നീടാണ് ഈ നാട്ടുകാർ വിമാനം കണ്ടത്. അങ്ങ് ഈ നാട്ടിൽ വന്നതിൽപിന്നീടാണ് ഈ നാട്ടിൽ വിമാനത്താവളമുണ്ടായത്. അങ്ങ് വന്നതിൽപിന്നീടാണ് ഈ നാട്ടുകാർക്ക് വെള്ളത്തിൽനിന്നു വിദ്യുച്ഛക്തി എടുക്കാമെന്നു മനസ്സിലായത്. അങ്ങ് വന്നതിൽ പിന്നീടാണ് ഇവിടെ മുഴത്തിനു രണ്ടുവീതം പോലീസ് സ്റ്റേഷനുകൾ ഉണ്ടായത്. അങ്ങ് വന്നതിൽപിന്നീടാണ് ഇവിടെ അഞ്ചുരൂപാ പോലീസ് ഉണ്ടായത്. അത്ഭുതം, ഇന്നീരാജ്യംസ്വർഗ്ഗലോകംതന്നെ."

"ഇതുകൊണ്ടായില്ലാ. ഇനിയും പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തണമെന്നാണെൻെറ ആഗ്രഹം. എന്നാൽ ഈ സ്റ്റേറ്റുകോൺഗ്രസ്സുകാർ അതിനനുവദിക്കുമോ?"

എല്ലാവരും:-"ഇല്ല; ഇല്ല!"

"അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, സ്റ്റേറ്റുകോൺഗ്രസ്സിനെ തകർക്കണമെന്ന്." അദ്ദേഹം കോപത്തോടെ അലറി.

"അതെ. അതിനുള്ള ചില മാർഗ്ഗങ്ങൾ പറയുവാനാണ് ഞാൻ നിങ്ങളെ വിളിച്ചുവരുത്തിട്ടുള്ളത്. പണത്തിൻെറ കാര്യത്തിൽ നിങ്ങൾ വിഷമിക്കണ്ട."

"അങ്ങ് സദയം ആജ്ഞാപിച്ചാലും-" എല്ലാവരും ആഹ്ലാദപൂർവ്വം പറഞ്ഞു.

"അതെ. ഇനി ഞാൻ അതിനുള്ള മാർഗ്ഗങ്ങൾ പറയാം. സ്റ്റേറ്റുകോൺഗ്രസ്സുകാർ മീററിങ്ങുകൾന

ടത്തുമ്പോൾ നിങ്ങൾ അലങ്കോലപ്പെടുത്തണം. അങ്ങനെ അലങ്കോലപ്പെടുത്തുന്നതിനുള്ള എളുപ്പവഴികളിലൊന്നു്, റൌഡികളുടെ സംഘങ്ങൾ രൂപീകരിക്കുകയാണു്. ഓരോ റൌഡിക്കും ദിവസം നാലോ അഞ്ചോ രൂപാ വീതം കൊടുത്താൽ മതിയല്ലൊ. ജയിലുകളിൽ കിടപ്പുള്ള റൌഡികളെയെല്ലാം ഇന്നു തന്നെ വിടാൻ ഉത്തരവു പുറപ്പെടുവിക്കാം. അപ്പോൾ ആവശ്യത്തിനു തികയും. പിന്നെ കുറെ ചെണ്ടകൊട്ടുകാരെയും ഏർപ്പാടുചെയ്യണം. കാൺഗ്രസ്സുകാർ പ്രസംഗിക്കുമ്പോൾ ചെണ്ട കൊട്ടിക്കുന്നതും നമ്മുടെ ഉദ്ദേശസാദ്ധ്യത്തിനു പററിയതാണു്. ചുരുക്കിപ്പറഞ്ഞാൽ റൌഡികളെക്കൊണ്ടു കൂവിക്കുക—മുട്ടചോദ്യങ്ങൾ ചോദിപ്പിക്കുക— തല്ലിപ്പിക്കുക-- ചെണ്ടക്കാരെക്കൊണ്ടു് കൊട്ടിക്കുക-ഇങ്ങനെ ചില പരിപാടികൾ ആരംഭിച്ചാൽ കാൺഗ്രസ്സമീററിങ്ങുകൾ അലങ്കോലപ്പെടുത്തുവാൻ പ്രയാസമുണ്ടാകുകയില്ല. മീററിങ്ങുകൾ അലങ്കോലപ്പെടുത്തുമ്പോൾ ജനങ്ങൾ ക്ഷോഭിക്കുമെന്നതു് തീർച്ചയാണല്ലൊ. അവരെ ക്ഷോഭിപ്പിക്കുകഎന്നതാണു് നമ്മുടെ ആവശ്യവും. അപ്പോൾ, സ്റ്റേററു കാൺഗ്രസ്സ്കാർ വർഗ്ഗീയലഹളകൾ ഉണ്ടാക്കുന്നുവെന്ന കാരണം പറഞ്ഞു് നമുക്കു പട്ടാളക്കാരെക്കൊണ്ടു് വെടി വയ്പ്പിക്കാം. ആവിധത്തിൽരാജ്യത്തിനുവെളിയിലുള്ള ആളുകളുടെ ധാർമ്മികമായ പിൻതുണയും നേടാം. വല്ലവരും ചോദിച്ചാൽ, ഇൻഡ്യയിലെ കാൺഗ്രസ്സമന്ത്രിസഭകളും വർഗ്ഗീയലഹളകൾ അമർച്ച ചെയ്യുന്നതിനു് വേണ്ടിവെടിവയ്പിക്കുന്ന സ്ഥിതിക്കു്

നമുക്ക് എന്തുകൊണ്ടുപാടില്ല എന്ന് അങ്ങോട്ടും ചോദിക്കാം. ചുരുക്കത്തിൽ, നാം അകത്തും പുറത്തും നിന്നു ആക്രമണംതുടങ്ങിയാൽ സ്റ്റേററുകാൺഗ്രസ്സ് തകരുമെന്നുള്ള കാര്യം നിശ്ചയമാണ്. എന്തുപറയുന്നു, ഇതു ബുദ്ധിപൂർവ്വമായ ഒരു പദ്ധതിയല്ലേ?"

എല്ലാവരും:—"അത്ഭുതം! അത്ഭുതം!! അങ്ങയെപ്പോലെബുദ്ധിയുള്ളവർ ഈ ലോകത്തു് മററാരും തന്നെ ഇല്ല."

കൗടില്യൻ മന്ദഹസിച്ചു. അദ്ദേഹം വീണ്ടും പറഞ്ഞുതുടങ്ങി:—

"എന്നെപ്പോലെ ബുദ്ധിയുള്ളവർ വേറെയാരുമില്ലെന്ന് എനിക്കു തന്നെ അറിയാം. അല്ലെങ്കിൽ ഈ പത്തുകൊല്ലക്കാലം കൊണ്ട് എഴുപത്തഞ്ചുലക്ഷംരൂപാ സമ്പാദിക്കുവാൻ എനിക്കു സാധിക്കുമായിരുന്നോ? ഇപ്പോഴാണ് ഒരു കാര്യംഓർമ്മിച്ചതു്. ഞാൻ അന്ന് ആ പരിഷ്ക്കാരം നടപ്പിൽ വരുത്തിയപ്പോൾ നിങ്ങളെല്ലാം വിശ്വസിച്ചില്ലേ, ഞാൻ ഹിന്ദുമതത്തെ ഉദ്ധരിക്കുകയാണുണ്ടായതെന്ന്? ആ ഗാന്ധി പോലും അന്ന് എന്നെ സ്തുതിച്ചില്ലേ? പലരുടേയും ധാർമ്മികമായ പിൻതുണ കിട്ടുവാൻ വേണ്ടി മാത്രമാണ് ഞാൻ അന്ന് അങ്ങനെയെല്ലാം പ്രവർത്തിച്ചതു്. ഉദ്ദേശിച്ചതുപോലെ, എനിക്കു പിന്തുണകിട്ടുകയുമുണ്ടായി. പിന്തുണകിട്ടിയാൽ പിന്നെ എന്തുചെയ്താലും കുഴപ്പമുണ്ടാകയില്ലെന്നാണ് എൻെറ അഭിപ്രായം. നൂററിപ്പതിനാലിൽ എത്രപേരെ ഞാൻ വെടിവെപ്പിച്ചു കൊല്ലിച്ചു! അതിനുശേഷം എത്രപേരെ ഞാൻ മർദ്ദിച്ചു! എത്രപേരെ ഞാൻ വിറപ്പിച്ചു! എന്തെങ്കിലും കുഴപ്പമു

ണ്ടയോ? ഇല്ല! എന്നെപ്പോലെ ബുദ്ധിയുള്ളവർ മ റ്റാരുമില്ലെന്ന് ഇപ്പോൾ നിങ്ങൾക്ക മനസ്സിലായി ല്ലേ?"

എല്ലാവരും:—"അത്ഭുതം—! അത്ഭുതം!!"

അദ്ദേഹം പിന്നെയും പലതും അവരോട്ട പറ ഞ്ഞു. ഒടുവിൽ പണവും കൊടുത്ത് അവരെ യാത്രയാക്കി. കെ. പി—യാണ് അവസാനം യാത്രപറഞ്ഞു പോയത്. അദ്ദേഹത്തോട് രഹസ്യമായി ഒന്നു സംസാരിക്കുന്നതിന്ന വേണ്ടി അയാൾ മനഃപൂർവ്വം അവിടെ കുറേനേരം കൂടി താമസിച്ചതാണ്.

കെ. പി—വീട്ടിൽ ചെന്ന് ഭാര്യയോട്ട പറഞ്ഞു:— "എടീ, ഒരുമാസത്തിന്നകം എനിക്കൊരു മുൻസിപ്പുദ്യോഗം തരാമെന്ന് അ ദ്ദേ ഹം പ റ ഞ്ഞു, കേട്ടോ? നമ്മുടെ നല്ല കാലം വന്നെടി."

"അപ്പോൾ പോലീസിൽസട്ടരേക്കാൾ കൂടുതൽ ശമ്പളം കിട്ടുമോ.?"

"എന്താ സംശയം? അതിൻെറ ഇരട്ടികിട്ടും." കെ. പി-യുടെ ഹൃദയത്തിൽ ആനന്ദം നിറഞ്ഞു തുളുമ്പി.

അല്പനിമിഷം കഴിഞ്ഞു് അയാൾ തുടൎന്നു പറഞ്ഞു:-- "എടീ, ഏതായാലും കുറേ ചട്ടമ്പിമാരേയും ചെണ്ടക്കാരേയും തിരക്കിപ്പിടിച്ചാലേ കാര്യംപററൂ."

"അയ്യോ! ചട്ടമ്പി മാരെന്തിനാ?" ഭാൎയ്യ പരിഭ്രമിച്ചു.

"എടീ, എന്നാലേ മുൻസിപ്പുദ്യോഗം കിട്ടൂ."

അന്നും പിറേറന്നും തിരക്കിനടന്നതിൻെറ ഫലമായി കേ. പി– ക്ക് അരഡസൻ റൗഡികളെ കിട്ടി തലെന്നരാത്രി ജയിലിൽ നിന്നു വിമുക്തരായി നാട്ടിലെത്തിയ പരബ്രഹ്മവും ഈനാംപക്കിയും, തീ വിഴുങ്ങിയും പത്തു രൂപാ പ്രതിഫലത്തിന്മേലാണ് കേ. പി—യുടെ റൗഡിസംഘത്തിൽ ചേൎന്നതു്. മൂവരും, നാലും അഞ്ചും പേരേവീതം കൊലചെയ്തവരുംമല്യപന്മാരും കൊള്ളക്കാരുമായിരുന്നതു കാരണം ആ പ്രദിഫലവ്യവസ്ഥ അയാരം സ്വീകരിച്ചതാണ്. കാൎയ്യപിടിപ്പുള്ളവരെ കിട്ടണമെങ്കിൽ തക്കതായ പ്രതിഫലം കൊടുക്കണമല്ലൊ. അങ്ങനെ റൗഡികളുടെ കാൎയ്യം ശരിപ്പെട്ടു വെങ്കിലും ചെണ്ടക്കാരെ ശേഖരിക്കുന്ന വിഷയത്തിൽ കേ. പി—ക്കു കുറേ നിരാശ പററാതിരുന്നില്ല. പലരും ഒഴിഞ്ഞുകളയുകയാണുണ്ടായതു്; രണ്ടു പേരെയെ അയാരംക്കു കിട്ടിയുള്ളു. കുറഞ്ഞപക്ഷം അഞ്ചു ചെണ്ടക്കാരെങ്കിലും ഇല്ലാതെ തൻെറ ചുമതല ഭംഗിയായി നിർവഹിക്കുക സാദ്ധ്യമല്ലെന്ന് അയാരംക്കു അറിയാം. എന്താണു വേണ്ടതു്? അയാരം കുണ്ഠിതത്തോടെ ആലോചിക്കുകയായി. പിറേറന്നു വൈകിട്ടു് സ്റ്റേററു കാൺഗ്രസ്സുകാരുടെ ഒരു യോഗം കൂടുന്നുണ്ടു് എന്നവിവരം അറിഞ്ഞപ്പോരം അയാളുടെ കുണ്ഠിതം വൎദ്ധിച്ചു അതിനുമുൻമ്പു് ആവശ്യമുള്ള ചെണ്ടക്കാരെ കിട്ടിയില്ലെങ്കിൽ താൻ ജീവിച്ചിരുന്നിട്ടു് വിശേഷമില്ലെന്നു പോലുംഅയാരംക്കുതോന്നി. അഞ്ചു് കാൺഗ്രസ്സു യോഗങ്ങരം അലങ്കോലപ്പെടുത്തി

യാൽ മാത്രമേ മുൻസിപ്പുദ്യോഗത്തിനുള്ള യോഗ്യത സമ്പാദിച്ചതായി കണക്കാക്കുകയുള്ളുവെന്ന് കൗടില്യൻ പറഞ്ഞിട്ടുണ്ട്. അപ്പോൾ ആദ്യത്തെ യോഗം തന്നെ അലങ്കോലപ്പെടുത്തുവാൻ സാധിക്കാതെ പോയൽ—? യോഗ്യതയുടെ കണികപോലുമില്ല എന്നല്ലേ അദ്ദേഹം വിചാരിക്കുകയുള്ളു! കേ. പി—യുടെ കണ്ഠിതം വൎദ്ധിച്ചു.

"നാളെ വിദ്യാൎത്ഥികൾ പണിമുടക്കാൻ നിശ്ചയിച്ചിരിക്കയാണച്ഛാ." വൈകിട്ട് കോളേജിൽ നിന്നു വന്നപ്പോൾ മകൻ പറഞ്ഞു.

"കാരണം?"

"നാളെ മുതൽ സ്റ്റേറ്റു കാൺഗ്രസ്സിൻെറ സമരത്തിൽ പങ്കുകൊള്ളാൻ വിദ്യാൎത്ഥികളും തീൎച്ചപ്പെടുത്തിക്കഴിഞ്ഞു."

"ഉം! അവരും തോന്നിയവാസം കാണിക്കുവാൻ ഭാവിക്കുകയാണ്, ഇല്ലേ?"

സ്വാതന്ത്ര്യേച്ഛുവായ മകന് ആ വാക്കുകൾ അശേഷം പിടിച്ചില്ല.

"വിദ്യാൎത്ഥികൾ അഭിമാനം പണയം വച്ചു ജീവിക്കണമെന്നോ? ഇന്നത്തെ ഗവൎമ്മെൻറിൻെറ മൎദ്ദന നയത്തെ വിദ്യാൎത്ഥികൾ അനുകൂലിക്കണമെന്നോ?" മകൻ ചോദിച്ചു. "അച്ഛനെപ്പോലെ" എന്നു കൂടിപറയുവാൻ ആഗ്രഹമുണ്ടായെങ്കിലും മകൻ പറഞ്ഞില്ല. കഴിഞ്ഞ രണ്ടുനാളുകളായി പിതാവിൻെറ ചെയ്തികൾ മകൻ നിറഞ്ഞ വെറുപ്പോടുകൂടി

കണ്ടു പോരികയാണ്. എങ്കിലും പിതാവിനോട് എതിർത്തു പറയുന്നതിന് അവനു ധൈര്യമില്ല. മകന്റെ വാക്കുകൾ കെ. പി—യെ കലികൊള്ളിച്ചു.

"നിറുത്തെടാ, നിന്റെ പ്രസംഗം! ആ രാജദ്രോഹികൾ പറയുമ്പോലെ നീയും പറഞ്ഞുതുടങ്ങി, ഇല്ലേടാ?"

"അവരാരും രാജദ്രോഹികളല്ലച്ഛാ. സ്റ്റേററു കോൺഗ്രസ്സുകാർക്കുള്ളതുപോലെ രാജഭക്തി മററാർക്കും തന്നെയില്ല. വല്ലടത്തും കിടന്ന ഒരു വിദേശിവന്ന് അവരിൽ രാജഭക്തി കുത്തിവയ്ക്കേണ്ട ആവശ്യവുമില്ല"

കെ. പി—അലറി!-"ആ ഏരപ്പകൾ നമ്മുടെ മഹാനായ കൗടില്യനെ വിമർശിക്കുന്നില്ലേടാ? അദ്ദേഹം ഇവിടെ നിന്നും പോകണമെന്നു പറയുന്നില്ലേടാ? ആ സ്ഥിതിക്ക് അവർ രാജദ്രോഹികളല്ലെങ്കിൽ പിന്നാര്?"

മകൻ ശാന്തസ്വരത്തിൽ ചോദിച്ചു!-" അച്ഛാ കൗടില്യനെ വിമർശിക്കുക രാജദ്രോഹമാകുമോ?"

"തീർച്ചയായും!" കെ. പി-വീണ്ടും അലറി.

ഹൃദയത്തിൽ തിളച്ചുപൊങ്ങിയ വികാരങ്ങൾ മകൻ പ്രയാസപ്പെട്ടു നിയന്ത്രിച്ചു. പിതാവിനോടു തർക്കിക്കുക ആപത്താണെന്ന് അവൻ കണ്ടു. ഒരു നെടുവീർപ്പിട്ട് അവൻ പിതാവിന്റെ അടുക്കൽ നിന്നു പോയി.

പിറേറന്നു ഉച്ചയോടുകൂടി പരബ്രഹ്മം, ഈനാംപക്കി, തീവിഴുങ്ങി തുടങ്ങിയ റൗഡിപ്രമാണികൾ കെ. പി-യുടെ വീട്ടിൽ വന്നു. അയാൾ അവരെ ആ

ദരപൂർവ്വം സ്വീകരിച്ചു ഇരുത്തി. "ഇന്നു അഞ്ചുമണിക്കു് കാൺഗ്രസ്സുയോഗം ആരംഭിക്കുമെന്നാണറിയുന്നതു്. നാം എങ്ങനെയും അതു താറുമാറാക്കണം." കേ. പി—മുഖവുരയായി പറഞ്ഞു.

"അതാണോ വക്കീലങ്ങുന്നേ പ്രയാസം? ഈ ഈനാംപക്കി ഒന്നു വിചാരിച്ചാൽ മതി, അവന്മാരുടെ എല്ലും തൊലിയുമൊക്കെ ഈ കയ്യിലായിരിക്കും." ഈനാംപക്കി ഹാസ്യഭാവത്തിൽ പുലമ്പി.

"വക്കീലങ്ങുന്നേ, പരബ്രഹ്മത്തിൻെറ ഇടിൻെറ സ്വാദ് അവന്മാക്ക് അറിഞ്ഞുകൂട. അതാ മുച്ചു്. ഇന്നു വൈകിട്ടു് അതൊന്നു കാണിച്ചുകൊടുക്കാം. ഓരോ ഇടിക്കും അവന്മാരു് രണ്ടിടങ്ങഴി വെള്ളം കുടിക്കും." മീശ ചുരുട്ടിക്കൊണ്ടു് പരബ്രഹ്മം ഗർജ്ജിച്ചു.

"വക്കീലങ്ങുന്നേ, ആരുടെയൊക്കെ തലവേണോ അതെല്ലാം ഞാൻ ഊരിയെടുത്തോണ്ടുതരാം. തീവിഴുങ്ങിയുടെ പേരു കേട്ടാൽ മതില്ലോ അങ്ങുന്നേ, അവർ മുള്ളാൻ!" തീവിഴുങ്ങിയുടെ വാക്കുകളും കേൾക്കായി.

"വളരെ മിടുക്കന്മാർ! ഞാൻ അപ്പോൾ പറയുമ്പോലെ ചെയ്താൽ മതിയാകും നമുക്കു മുദ്രാവാക്യങ്ങളും വിളിച്ചുകൊണ്ടു വേണം യോഗസ്ഥലത്തേക്കു പോകുക."

മുദ്രാവാക്യങ്ങൾ ഓരോന്നായി കേ. പി—അവരെ പഠിപ്പിച്ചു. അനന്തരം അയാൾ പറഞ്ഞു:-

"ആകട്ടെ, നമുക്കു് ഇപ്പോൾ അതെല്ലാം ഒന്നു വിളിച്ചു ശീലിക്കാം. ഞാൻ തുടങ്ങാം-ഉത്തരവാദഭരണം—!"

"വേണ്ട, വേണ്ട!!" റൗഡികൾ ഏററുപാടി.

"കൗടില്യഭരണം–"

"ജയിക്കട്ടെ!!"

"സ്റ്റേററുകോൺഗ്രസ്സ്–"

"തൊലയട്ടെ!!"

സ്റ്റേററുകോൺഗ്രസ്സുകാർ–"

"രാജ്യദ്രോഹികൾ!!"

"നമ്മുടെ കൗടില്യൻ–"

"രാജഭക്തൻ–രാജഭക്തൻ!!"

"സ്റ്റേററുകോൺഗ്രസ്സുകാരെ–"

"ഇടിക്കണം–ചവിട്ടണം!!"

'മുദ്രാവാക്യങ്ങൾ, വിളിക്കുന്നതുകേട്ട് അയൽവീട്ടുകളിലെ ആളുകൾ വേലിക്കു സമീപം വന്നു നിന്നുഉള്ളിലേയ്ക്കു എത്തിനോക്കി. അരമണിക്കൂർനേരം വരെ ആ അറുകൊലവിളി നീണ്ടുനിന്നു.

"യോഗം ആരംഭിക്കുമ്പോഴും നാം ഈ മുദ്രാവാക്യങ്ങൾ ഉച്ചത്തിൽ വിളിച്ചു പറയണം. ചെണ്ടമേളവും മുദ്രാവാക്യവിളികളും കൊണ്ട് ആ രാജ്യദ്രോഹികളുടെ മീററിങ്ങ് അലങ്കോലപ്പെടുത്തുവാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല." കെ. പി-ആഹ്ലാദത്തോടെ പറഞ്ഞു.

"അവന്മാരെ ഇടിച്ചു പഞ്ചറാക്കണ്ടയോ?" പരബ്രഹ്മം ചോദിച്ചു. ആ റൗഡിയുടെ കൈയ്ക്കു ഒരു തരിപ്പ്!

"സംശയമെന്തു്? പക്ഷേ, മീററിങ്ങ് അലങ്കോലമായിക്കഴിഞ്ഞതിനുശേഷമേ ഇടി തുടങ്ങാവൂ കൈയ്യിൽ കിട്ടുന്നവരെയൊക്കെ ഇഷ്ടം പോലെ ഇടിക്കാൻ കൗടില്യനെദ്ദേഹം പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് മടിക്കുകയേ വേണ്ട."

"അശ്ശടാ! അങ്ങനെ പറ." പരബ്രഹ്മത്തിനു് ആ വാക്കുകൾ നന്നേ രസിച്ചു.

"വക്കീലങ്ങുന്നേ, ഞാൻ എത്ര കാലമായി ഒന്നിടിച്ചിട്ടു്! എന്തൊരുസൌഖമാണു് ഇന്നു വയ്യിട്ടൊണ്ടാവാൻ പോകുന്നേ!" തീവിഴുങ്ങി പാരപല്ലുകൾ മുഴുവൻ വെളിയിൽ കാട്ടിക്കൊണ്ടു പറഞ്ഞു.

"ഇത്രയും കൊണ്ടായില്ല. ഇടയ്ക്കിടെ ചില മുട്ടു ചോദ്യകൾ ചോദിച്ചു് പ്രസംഗിക്കുന്നവരേയും അദ്ധ്യക്ഷനേയും നമുക്കു് കുഴയിക്കുകയും വേണം. ചോദ്യങ്ങൾക്കു് ഉത്തരം പറഞ്ഞില്ലെങ്കിൽ അവരെ തെറി കൊണ്ടു മൂടണം-കേട്ടോ?"

"എന്തുവാ, വക്കീലങ്ങുന്നേ ചോദിക്കേണ്ടതു്?" ഈനാംപക്കിതിരക്കി.

"പറയാം."

ഏതാനും നിമിഷം ധ്യാനിച്ചിരുന്നതിനുശേഷം കെ. പി-തുടൎന്നു:--"താൻ രാജ്യദ്രോഹിയായതു് എന്തു കൊണ്ടു്? ഇതാണു് ഒരു ചോദ്യം."

അശ്ശടാ! അങ്ങനെപറ..... എന്നാലു് അവന്മാരു് ഉത്തരംപറഞ്ഞാലോ? പിന്നെങ്ങനാതെറിപറയുന്നേ?" പരബ്രഹ്മം ചോദിച്ചു.

"അവർ ഉത്തരം പറയുകയില്ല."

"പിന്നെച്ചോദിക്കേണ്ടതെന്തൊന്നാ?" ഈനാം പക്കി ഉത്സാഹത്തോടെ തിരക്കി.

വീണ്ടും ഒരുനിമിഷംധ്യാനിച്ചിരുന്നതിന്നുശേഷം കെ. പി-മറുപടി നൽകി.

"താൻ എത്ര കുടം കള്ളുകുടിക്കും? ഇതാണുപിന്നെ ചോദിക്കേണ്ടതു്."

"അവന്മാരു് കണക്കു പറഞ്ഞാലോ?" തീവിഴുങ്ങിയ്ക്കു് ഒരു സംശയമുണ്ടായി. എന്തെന്നാൽ ആ ചോദ്യത്തിന്നുത്തരം പറയുക അവനുപോലും സാദ്ധ്യമാണു്.

"ഉത്തരം പറഞ്ഞാൽ അതുകള്ളമാണെന്നു പറയണം. കള്ളംപറഞ്ഞതിന്ന് തെറിയും പറയണം." "അയ്യടാ! അങ്ങനെപറ." പരബ്രഹ്മത്തിന്ന് അതൊരുനല്ലയുക്തിയാണെന്നുതോന്നി.

അവസാനം, കള്ളുകുടിക്കുവാനും മററുംപണവും നാലുമണിക്കു മുമ്പു് തിരിച്ചു വരണമെന്നു് ആജ്ഞയും നൽകി, കെ. പി-റൗഡികളെപറഞ്ഞയച്ചു. എന്നിട്ടു് മുൻസിപ്പുദ്യോഗം സ്വപ്നം കണ്ടുകൊണ്ടു് അയാൾ അങ്ങനെ സുഖിച്ചിരുന്നു.

മൂന്നു മണിയായപ്പോഴേ,മൈതാനത്തിലേയ്ക്കു് ജനക്കൂട്ടം ഒഴുകി,ത്തുടങ്ങി. ആളുകളുടെ മുഖങ്ങളിൽ അത്ഭുതപൂർവ്വമായ ധീരത കളിയാടുന്നുണ്ടു്. യോഗം കഴിയുമ്പോൾ തങ്ങളിൽ എത്രപേർ ജീവനോടുകൂടി ശേഷിക്കുമെന്നുള്ള ചിന്ത അവരെ അലട്ടുന്നില്ല. അ

നേകം അഭിമാന വ്രതരുടെ രക്തപാനം കൊണ്ടും ദാഹം ശമിക്കാത്ത ആ കൗടില്യന്, ദാഹം തീരും വരെ രക്തദാനം ചെയ്യുവാൻ തയ്യാറായിട്ടുതന്നെയാണ് നിരായുധരായ അവർ ഉത്സാഹഭരിതമായ ഹൃദയങ്ങളോടെ രണാങ്കണത്തിലേക്ക പായുന്നത്. തങ്ങളുടെ ആശകളുടേയും മധുരസ്വപ്നങ്ങളുടേയും അഭിമാനത്തിൻെറയും സജീവചിഹ്നമായ ഒരു ത്രിവർണ്ണപതാക, മൈതാനത്തിൻെറ മദ്ധ്യത്തിൽ, ഇളംകാററിൽ പാറുന്നകാഴ്ച അവരിൽ നവോന്മേഷം ഉളവാക്കി. ആവേശഭരിതമായ മുദ്രാവാക്യങ്ങൾ തുടരെത്തുടരെ മുഴങ്ങി.

മൈതാനത്തിൻെറ ചുററുമുള്ള റോഡിന് അനസ്യൂതമായി പ്രദിക്ഷണം വച്ച് ഒരു ലോറിപായുന്നതു കാണാം. ഏതാനും നാളുകളായി ഒരു ചാൺ വയറിനുവേണ്ടിമാത്രം പണിയെടുക്കുന്ന നാട്ടുകാരായ ചില പട്ടാളക്കാർ അതിൽ ഇരുപ്പുണ്ട്. മുൻസീററിൽ ഒരു ക്യാപ്ററനും-ആ ക്യാപ്ററൻ ഒരു ആംഗ്ലോ ഇൻഡ്യനാണ്.

കാൺഗ്രസ്സ് പ്രവത്തകന്മാർ ഇനിയും സ്ഥലത്തെത്തിയിട്ടില്ല. യോഗമാരംഭിക്കുന്നതിന് ഒരുമണിക്കൂർകൂടി താമസമുണ്ട്. മണി നാലേ ആയുള്ളു. ജനങ്ങൾ അക്ഷമരായിരിക്കവേ, ഒരു സംഘം വിദ്യാത്ഥികൾ ഒരു ത്രിവർണ്ണപതാകയുമേന്തി മൈതാനത്തിൽ നിന്നു റോഡിലേക്കതിരിയുന്നതുകണ്ടു.

റോഡിലുള്ള ഒരു കമ്പിത്തൂണിനു സമീപം ചെന്നു വിദ്യാത്ഥികൾനിന്നു. കൂട്ടത്തിൽ ഏററവും പ്രായം

കറുത്ത ഒരു വിദ്യാൎത്ഥി കമ്പിത്തൂണിലൂടെ അണ്ണാനെപ്പോലെ മുകളിലേക്കു കയറുകയായി. അവൻ മുകളിൽ എത്തിക്കഴിഞ്ഞപ്പോൾ താഴെനിന്ന വിദ്യാൎത്ഥികളിൽ ഒരുവൻ ത്രിവൎണ്ണപതാക എറിഞ്ഞു കൊടുത്തു. അതു് അവിടെ കെട്ടാനാണു് വിദ്യാൎത്ഥികളുടെ ശ്രമം എന്നറിഞ്ഞപ്പോൾ, ജനക്കൂട്ടത്തിൽനിന്നു "ജേ" വിളികൾ മുഴങ്ങി.

പട്ടാളലോറി വിദ്യാർത്ഥികളുടെ അടുത്തുവന്നു് പെട്ടെന്നുനിന്നു. ക്യാപ്റ്റൻ കോപത്താൽ വിറച്ചുകൊണ്ടു് റോഡിലേക്കു ഇറങ്ങി:

"അതു് അവിടെ കെട്ടിയാൽ—" ക്യാപ്റ്റൻ ഗർജ്ജിച്ചു.

"കെട്ടും. ധൈര്യമുണ്ടെങ്കിൽ തടഞ്ഞു കൊള്ളൂ." കമ്പിത്തൂണിൽ ഇരുന്ന വിദ്യാൎത്ഥി ഉറക്കെ മറുപടി പറഞ്ഞു. പൗരുഷം നിറഞ്ഞ ഒരു സ്വരം! ജനക്കൂട്ടത്തിൽനിന്നു വീണ്ടും ഉത്സാഹഭരിതമായ "ജേ" വിളികൾ!

ക്യാപ്റ്റൻ ചുണ്ടുകടിച്ചു. അയാളുടെ കണ്ണുകൾ ചുമന്നു. ആ മറുപടി അയാളെ ഭ്രാന്തനാക്കുകതന്നെ ചെയ്തു. അയാൾ പട്ടാളക്കാരുടെ നേരേനോക്കി എന്തോ ആജ്ഞാപിച്ചു.

പട്ടാളക്കാർ ലോറിയിൽനിന്നു താഴെയിറങ്ങി, കമ്പിത്തൂണിന്റെ മുകളിലിരുന്ന വിദ്യാൎത്ഥിയുടെ നേരെ തോക്കു ചൂണ്ടി. അവൻ അതു കണ്ടിട്ടും വകവയ്ക്കാതെ കൊടി കെട്ടുകയാണു്!

"ഷൂട്ട്!" ക്യാപ്റ്ററൻ ആജ്ഞ നൽകി.

ആ കൊച്ചു വിദ്യാർത്ഥിയുടെ ശവശരീരം താഴെ വീണു. വെടിയേററ് ഒരു കുരുവി മരിച്ചുവീഴുംപോലെ. ആ ത്രിവർണ്ണപതാക അപ്പോഴും ആ നിർജ്ജീവകരം മുറുകെപ്പിടിച്ചിരുന്നു. ജനങ്ങൾ സ്തബ്ധരായിഇരുന്നുപോയി.

ജീവിതത്തിൽ അഭിമാനിയുടെ രക്തം തിളച്ചുപൊങ്ങുന്ന ചില നിമിഷങ്ങളുണ്ടാവും. ആ അനർഘ നിമിഷങ്ങളാണ് അവനെ അതിമാനുഷനായി ഉയർത്തുക: ഭീരുവിനെ ധീരനായും.

അടുത്തുനിന്ന മറെറാരു വിദ്യാർത്ഥി പെട്ടെന്നു ചെന്നു ആ കൊടി എടുത്തു. അവൻ അത്യുമായി കവിത്തൂണിലൂടെ കയറിത്തുടങ്ങി.

"ഇറങ്ങു താഴെ—" ക്യാപ്റ്ററൻ വീണ്ടും ഗർജ്ജിച്ചു.

"കൊടികെട്ടിക്കഴിഞ്ഞിട്ട്—" അവൻ പറഞ്ഞു.

"ഷൂട്ട്!" രണ്ടാമത്തും ആജ്ഞ മുഴങ്ങി.

അവനും മരിച്ചുവീണു! അങ്ങനെ, അവനും മരണത്തെ ജയിച്ചു!!

ക്യാപ്റ്ററൻ ത്രിവർണ്ണപതാക എടുക്കുവാനായി മുന്നോട്ടടുത്തു.

പക്ഷേ, ആ ജീവനുള്ള കൊടി മൂന്നാമത്തെ വിദ്യാർത്ഥിയുടെ കൈയിലായി.

"അതിങ്ങു തരൂ!" ക്യാപ്റ്ററൻ, വിദ്യാർത്ഥിയുടെ മുഖത്തേയ്ക്കു രൂക്ഷമായി നോക്കി.

"സമയമായില്ല. ഇനിയും വളരെ രക്തസാക്ഷികളെ സൃഷ്ടിച്ചതിനുശേഷമേ നിങ്ങൾക്കിതു കിട്ടൂ!"

കൊടിയുമായി അവൻ കമ്പിത്തൂണിൽ കയറുകയായി.

"നീയും മരിക്കുവാൻ പോകുകയാണ്." ക്യാപ്റ്റൻ മുന്നറിവു നൽകി.

"എനിക്കു അറിയാം." നിർഭയമായ മറുപടി. അവൻ കമ്പിത്തൂണിലൂടെ മുകളിലേക്കു പായുക തന്നെയാണ്!

ക്യാപ്റ്റൻ പട്ടാളക്കാരുടെ നേരെ നോക്കി. ആ കാക്കിവേഷധാരികളുടെ കണ്ണുകളിൽ അവ്യക്തമായ ഒരു വികാരം നിറഞ്ഞുകണ്ടു. അവരുടെ ദൃഷ്ടികൾ ആ വിദ്യാർത്ഥിയുടെ നേരെയാണ്.

ജനങ്ങൾ സ്തബ്ധരായി ഇരുന്നു. ആരും ശ്വാസം കഴിക്കുന്നില്ല. അവരുടെ ദൃഷ്ടികളും ആ വിദ്യാർത്ഥിയുടെ നേർക്കുതന്നെ. ഭീകരമായ ഒരു നിശ്ശബ്ദത!

അവൻ കമ്പിത്തൂണിന്റെ മുകളിൽ എത്താറായി. അനേകായിരം ഹൃദയങ്ങൾ ദ്രുതമായി തുടിക്കുകയാണ്.

"ഷൂട്ട്!" ക്യാപ്റ്റന്റെ ആജ്ഞ മുഴങ്ങി.

ഒന്ന്, രണ്ട്—നിമിഷങ്ങൾ പാഞ്ഞു. ആ വിദ്യാർത്ഥി മരിച്ചില്ല. ഒരു വെടിപോലും പൊട്ടിയില്ലാ!

"ഷൂട്ട്!" രണ്ടാമത്തും ആജ്ഞ മുഴങ്ങി.

പട്ടാളക്കാർ നിശ്ചലരായി നിന്നു. പാവകൾ നില്ക്കുംപോലെ.

ക്യാപ്റ്ററൻ പമ്പിറുമ്മി. പട്ടാളക്കാർ ജനങ്ങളുടെ ചേരിയിൽചേരാവെന്നു അയാൾക്കു മനസ്സിലായി.

ആ വിദ്യാർത്ഥി കൊടികെട്ടുകയാണു്! ഒന്നോ രണ്ടോ നിമിഷംകൂടി മതി, അതവിടെപ്പാറാൻ!

ക്യാപ്റ്ററൻ അരയിൽനിന്നു് റിവാൾവർ എടുക്കുന്നതു കണ്ടു. പട്ടാളക്കാക്കു വീണ്ടും ചലനമുണ്ടായി. അവരുടെ തോക്കുകൾക്കു ലക്ഷ്യം കിട്ടി. അവരുടെ വിരലുകൾക്കു കമ്മശക്തിയും! ക്യാപ്റ്ററൻെറ മാറിടത്തിനു നേരേ തോക്കുകൾ തിരിഞ്ഞു.

ആ ആംഗ്ലോഇൻഡ്യൻ, പട്ടാളക്കാരെ നിശ്ശബ്ദമായി നോക്കി. അയാൾ വിയത്തു. അയാൾ അത്ര മാത്രം പ്രതീക്ഷിച്ചതല്ല. റിവാൾവർ വീണ്ടും പൂവ്വസ്ഥാനം പ്രാപിച്ചു.

ത്രിവണ്ണപതാക പാറി! ജനങ്ങളുടെ കണ്ഠങ്ങളിനിന്നു "ജൈ" വിളികൾ മുഴങ്ങി.

പട്ടാളക്കാർ ലോറിയിൽ കയറുവാൻ ആജ്ഞാപിക്കപ്പെട്ടു. ലോറി സ്ഥലം വിട്ടു.

* * * * *

വെണ്ടക്കാരും റൗഡികളും കൃത്യസമയത്തുതന്നെ കെ. പി. യുടെ വീട്ടിലെത്തി. എല്ലാവരും നല്ലപോലെ മദ്യപിച്ചിട്ടുണ്ടു്. പരബ്രഹ്മവും, ഈനാംപേക്കിയും, തീവിഴുങ്ങിയും, ലക്കില്ലാതെ ആടുകയാണു്. കാലുകൾ നിലത്തുറയ്ക്കുന്നതേയില്ല.

"എന്താ ഇനിപ്പോകരുതോ?" കെ. പി. ചോദിച്ചു.

"ഹഹഹഹഹാാ ബേഷ്! പോഴാം—പോഴാം—ബക്കീഴെഴമാനേ" തീവിഴുങ്ങി പൊട്ടിച്ചിരിച്ചു.

"നമുക്ക് അവരെ ഇന്നു ശരിപ്പെടുത്തണം." കെ. പി—റൗഡികളുടെ ഉത്സാഹം വൎദ്ധിപ്പിച്ചു.

"അയ്യഴാ! അങ്ങനെ പഴ!" പരബ്രഹ്മം ആടിക്കുഴഞ്ഞു പറഞ്ഞു.

ചെണ്ടക്കാരുടെയും റൗഡികളുടെയും അകമ്പടിയോടുകൂടി കെ. പി—പുറപ്പെട്ടു. മുദ്രാവാക്യങ്ങൾ വിളിക്കുന്നതിനു റൗഡികൾക്കു നാവു വഴങ്ങിയില്ല. നിശ്ശബ്ദമായിട്ടാണ് ആ 'ഘോഷയാത്ര' മുന്നോട്ടു നീങ്ങിയത്. മൈതാനത്തിനു സമീപമെത്തിയപ്പോൾ പലരുടേയും ശ്രദ്ധയ്ക്കു കെ. പി—പാത്രമായി.

ഒരു പഴയ സ്നേഹിതൻ കെ. പി-യെകണ്ടു് പെട്ടെന്നു അടുത്തുചെന്നു.

"കഷ്ടം! അറിഞ്ഞുകാണുമല്ലോ."

"ഉം? എന്തു്?" കെ. പി—ചോദിച്ചു.

"നിങ്ങളുടെ മകൻ-" സ്നേഹിതൻ അൎദ്ധോക്തിയിൽ വിരമിച്ചു.

"ഉം?"

"വെടിയേററു മരിച്ചു—" ശോകസ്വരത്തിൽ സ്നേഹിതൻ അറിയിച്ചു.

"????" കെ. പി-യുടെ കണ്ണുകളിൽ ഒരു ഇരുൾ—ശിരസ്സു കറങ്ങി.

"കമ്പിത്തൂണിൽ കാൺഗ്രസ്സു കൊടികെട്ടാൻ കേറിയപ്പോൾ പട്ടാളക്കാർ വെടിവച്ചിട്ടു—" സ്നേഹി

തൻ നേരിയ ഗദ്ഗദസ്വരത്തിൽ തുടൎന്നുപറഞ്ഞു.

"എന്നിട്ട്—?" അയാൾ ശ്വാസം കഴിച്ചില്ല.

"അല്പം കഴിഞ്ഞു് അതുകൊണ്ടു പോകാനായി ഒരു മുൻസിപ്പൽ ലോറി വന്നു. ഇപ്പോൾ അതു് അവർ ദഹിപ്പിക്കുകയായിരിക്കും."

"എന്റെ മോനേ!" ആ പിതാവിന്റെ ഹൃദയത്തിൽനിന്നു ഒരു അമൎന്ന നിലവിളി! പരിസരങ്ങൾ പമ്പരംപോലെ കറങ്ങുന്നതായി അയാൾക്കുതോന്നി.

"വെള്ളം—വെള്ളം—" അയാൾ അടുത്തുള്ള ഒരു ഇലക്ട്രിക് പോസ്റ്റിലേക്കു ചാരി. ആ മുഖം വിളറിപ്പോയി.

അല്പം അകലെ നിന്ന ഒരു കാൺഗ്രസ്സ് വാളണ്ടിയർ പെട്ടെന്നു് ഒരു സൎബ്ബത്തുകടയിലേക്കു ഓടി

സോഡാ കുടിച്ചുകഴിഞ്ഞപ്പോൾ കേ. പിയ്ക്കു് അല്പം ശരീരസ്വാസ്ഥ്യമുണ്ടായി.

റൗഡികൾ എന്തെല്ലാമോ തെറി പുലമ്പിക്കൊണ്ടു് റോഡിൽ അങ്ങോട്ടുമിങ്ങോട്ടും ആടിക്കുഴഞ്ഞു് നടക്കുകയാണ്. പെണ്ടക്കാർ, റോഡിന്റെഅരികിൽ മാറിനില്പുണ്ടു്. യോഗംതുടങ്ങാറായി. അദ്ധ്യക്ഷനും മററും വന്നുകഴിഞ്ഞു. മുദ്രാവാക്യങ്ങളും "ജെ" വിളികളും അങ്ങനെ മുഴങ്ങുകയാണ്.

കേ. പി-യുടെശോകം, ആ ജനക്കൂട്ടത്തോടുള്ള കോപമായി മാറി. കാൺഗ്രസ്സുകാർ മൂലമാണു് തന്റെ മകൻ മരിക്കാനിടയായതെന്നു് അയാൾ സങ്കല്പിച്ചു.

കേ. പി—റൗഡികളെ അടുക്കലേക്കു വിളിച്ച് കോപസ്വരത്തിൽ പറഞ്ഞു:

"അവൻെറയെല്ലാം എല്ലടിച്ചൊടിക്കണം. മനസ്സിലായോ?"

"അയ്യഴാ! അയ്യനെ പഴ!" പരബ്രഹ്മം തലകുലുക്കി.

"പ്രസംഗിക്കുന്നവരെ ജീവനോടെ അയക്കരുത്" അയാൾ രണ്ടാമത്തെ നിർദ്ദേശവും നല്കി.

"ഹ ഹ ഹ ഹാാാ" തീവിഴുങ്ങി ആഹ്ലാദപൂർവ്വം പൊട്ടിച്ചിരിച്ചു.

പരിസരങ്ങളെ പുളകംകൊള്ളിച്ചുകൊണ്ട് ദേശീയഗാനം മുഴങ്ങി. യോഗം ആരംഭിച്ചു.

കേ. പി-യും സേനയും മൈതാനത്തിലേക്കു തിരിച്ചു. അയാൾ കോപംകൊണ്ട് വിറയ്ക്കുകയാണ്.

III

ആ സ്ഥലത്തെ നാലു കാൺഗ്രസ്സുയോഗങ്ങളിൽ ബഹളമുണ്ടാക്കുന്നതിന് കേ. പി-യ്ക്ക് സാധിച്ചു. ഇനി ഒരു യോഗത്തിൽക്കൂടി ബഹളമുണ്ടാക്കുന്ന ജോലിയേ തനിക്കുള്ളു വെന്ന് അയാൾക്കറിയാം. മുൻസിപ്പുദ്യോഗത്തിനുള്ള യോഗ്യത സമ്പാദിക്കുന്നതിന്!

കേ. പി-അതിനകം ആ പട്ടണത്തിലും പരിസരങ്ങളിലും കുപ്രസിദ്ധനായിക്കഴിഞ്ഞു. അയാളെ വഴിയിൽവച്ചു കാണുമ്പോഴെല്ലാം ആളുകൾ ഉച്ചത്തിൽ വിളിച്ചു: "കരിങ്കാലി!"

 No: 2936

പ്ലേഗു ബാധിച്ച ഒരു വീടായി ആളുകൾ അതി നെകരുതി. ആരും അവിടെപ്പോകാറില്ല. റോഡിൽ വച്ചു് പഴയ സ്നേഹിതന്മാർപോലും കെ. പി-യെ കണ്ടാൽ മിണ്ടാറില്ല. ചിലർ അയാളെ കാണുമ്പോൾ കാക്കിച്ചുതുപ്പി-അയാളുടെ ദേഹത്തല്ലെന്നുമാത്രം.

ആളുകളുടെ പെരുമാററം കെ. പി—അത്ര കാര്യമാക്കിയില്ല. എങ്കിലും മിക്കസമയവും അയാൾ വീട്ടിൽ തന്നെ ഇരിപ്പായി. പുറത്തേക്കിറങ്ങി സഞ്ചരിക്കുവാൻ അയാൾക്കു എന്തോ ഒരു ഭയം!

മകൻെറ മരണവാത്തയറിഞ്ഞ നിമിഷം മുതൽ കെ. പി—യുടെ ഭാര്യ കിടപ്പിലാണു്. അങ്ങനെ വീട്ടിലും അയാൾക്കു സുഖം കിട്ടിയില്ല. ദിവസവും ചില സന്ദർശകന്മാർ അവിടെ വരാറുണ്ടു്. പരബ്രഹ്മവും തീവിഴുങ്ങിയും ഈനാംപക്കിയും മററും. കള്ളുകുടിച്ചു് ല ക്കില്ലാതെ ആടിക്കുഴഞ്ഞാണു് അവർ വരിക. ചിലപ്പോൾ അവർ പൂരപ്പാട്ടുപാടും. രൂപാ ആവശ്യപ്പെടുമ്പോഴെല്ലാം അയാൾ അവക്കുകൊടുത്തു. 15--ം, 20-ംവീതം. അയാൾ അവരെ ഭയപ്പെടുന്നുണ്ടു്. ചിലനാൾ, വളരെ ഇരുട്ടാകുമ്പൊഴേ അവർ അവിടെ നിന്നു പോകാറുള്ളു. ഒരു നാൾരാത്രി ഈനാംപക്കി, ആടിക്കുഴയവെ അയാളോടു പറഞ്ഞു—ഭാര്യയെ ഒന്നു കാണണമെന്നു്! അയാൾ നടുങ്ങിപ്പോയി.

പക്ഷെ ആ മാനസികാസ്വാസ്ഥ്യങ്ങൾക്കിടയിലും കെ. പി—ക്കു് ഒരു കാര്യം ആശ്വാസം നൽകി. അടുത്ത ഏതാനും നാളുകൾക്കുള്ളിൽ താനൊരു മുൻസിപ്പാകുമെന്നതു്........

അന്ന് വൈകിട്ടും സ്റ്റേറ്റ് കാൺഗ്രസ്സുകാരുടെ ഒരു യോഗം നടക്കുവാൻ പോകുന്നുവെന്ന വിവരം, കാലത്തു് കെ. പി—അറിഞ്ഞു. ആ യോഗംകൂടി അലങ്കോലമാക്കിക്കഴിഞ്ഞാൽ—! അയാളുടെ ഹൃദയം ആഹ്ലാദഭരിതമായി. ഒരുപക്ഷേ അടുത്തയാഴ്ചതന്നെ തന്റെ ഉദ്യോഗജീവിതമാരംഭിക്കുവാൻ ഇടയുണ്ടെന്നു അയാൾക്കു തോന്നി. അല്പനേരം മധുരഭാവനയിൽ ലയിച്ചിരുന്നതിനുശേഷം, റൗഡികളേയും ചെണ്ടക്കാരേയും വിവരമറിയിക്കുവാനായി അയാൾ വീട്ടിൽനിന്നു ഇറങ്ങിപ്പുറപ്പെട്ടു.

റോഡിൽ അവിടവിടെ ആളുകൾ കൂട്ടംകൂടിനില്പുണ്ടു്. അവർ പതുക്കെ എന്തോ സംസാരിക്കുകയാണു്. എല്ലാവരുടേയും മുഖത്തു് ആഹ്ലാദം നിറഞ്ഞുതുളുമ്പുന്നുണ്ടു് കെ. പി-യ്ക്കു് കാര്യമൊന്നും മനസ്സിലായില്ല.

"അറിഞ്ഞോ? നിങ്ങളുടെയെല്ലാം യജമാനൻ നാടുവിട്ടു." എതിരേ നടന്നുവന്ന ഒരു യുവാവ്, വെറുപ്പും പരിഹാസവും നിറഞ്ഞസ്വരത്തിൽ കെ. പി-യോടു് പറഞ്ഞു.

കെ. പി— യുവാവിന്റെ മുഖത്തേക്കു മിഴിച്ചുനോക്കി. അപ്പോഴും അയാൾക്കു കാര്യം മനസ്സിലായില്ല.

യുവാവ് കൈയിലിരുന്നദിനപ്പത്രം കെ. പി—യുടെ നേർക്കു നീട്ടി. അതു വാങ്ങിച്ചു് ആദ്യത്തെ പേജിലേക്കു് അയാൾ നോക്കി. വലിയ അക്ഷരത്തിൽ ഒരു തലക്കെട്ടു്!— അയാൾ അതു വായിച്ചു. "കൗടില്യൻ

രാജിവച്ചു് രാജ്യംവിട്ടു പൊയ്ക്കഴിഞ്ഞു. ജനകീയസമരത്തിൻെറ മഹത്തായ ഒരു വിജയം!"

കെ. പി—യുടെ കൈയ്യിൽനിന്നും പത്രം താഴെ വീണു. അയാളുടെ ശിരസ്സു കറങ്ങി. ഒരു നിമിഷത്തിനുള്ളിൽ അയാളുടെ ആശകൾ ആവിയായിപ്പോയി. അയാൾ എങ്ങും അന്ധകാരം നിറഞ്ഞുകണ്ടു. ഹൃദയം കത്തുകയായി. "നിങ്ങളെല്ലാം നീതിയുടെ മുൻപിൽ കണക്കുപറയേണ്ട കാലം അടുത്തെത്തിക്കഴിഞ്ഞു!" അങ്ങനെ ദൃഢസ്വരത്തിൽ പറഞ്ഞിട്ടു്, പത്രവുമെടുത്തു് യുവാവു നടന്നു.

ജയിലിൽനിന്നും വിമുക്തരായ രാഷ്ട്രീയതടവുകാരെ പൂമാലകളണിയിച്ചു്, എതിരേററുകൊണ്ടു് ഒരു വലിയ ജനക്കൂട്ടം അതാ, വരികയാണു്. ഇടയ്ക്കിടെ ആഹ്ലാദംനിറഞ്ഞ വിളികൾ മുഴങ്ങുന്നുണ്ടു്.

"സ്റ്റേററു്കാൺഗ്രസ്സ് കീ—"

"ജെ!"

കെ. പി. ജീവച്ഛവംകണക്കേ അങ്ങനെ നില്ക്കുകയാണു്. ജനക്കൂട്ടം അയാളുടെഅടുത്തുഎത്താറായി.

"അയ്യോ! ശത്രുക്കൾ—ശത്രുക്കൾ!!" ഒരു നടുങ്ങലോടെ, അയാൾ സ്വയമറിയാതെ നിലവിളിച്ചു. ആ കണ്ണുകളിൽ ഭയം നിറഞ്ഞുതുളുമ്പി. ഭ്രാന്തനെപ്പോലെ അയാൾ ലക്ഷ്യമില്ലാതെ എങ്ങോട്ടോ ഓടി. കത്തുന്ന ഹൃദയത്തോടെ—തളരുന്ന കാലുകളോടെ—!

*   *   *   *   *

മാസം മൂന്നുകഴിഞ്ഞു. കെ. പി—ഇന്നു കോൺഗ്രസ്സിലെ ഒരു മെമ്പറാണു്.

# തിരശ്ശീലയുടെ പുറകിൽ

നോക്കൂ! നിർജ്ജീവമായ കമ്പോളങ്ങൾ—ജനശൂന്യമായ തെരുവീഥികൾ—മനുഷ്യശബ്ദം കേൾപ്പാനില്ലാത്ത വീടുകൾ: എന്തൊരു ഭീകരമായ നിശ്ശബ്ദത—ഈ പട്ടാപ്പകൽപോലും! മരിച്ച പട്ടണങ്ങളുടെ ലക്ഷണം ഇതാണ്. ഹൃദയത്തുടിപ്പു നിലച്ച പട്ടണങ്ങളുടെ ലക്ഷണം ഇതാണ്. തണുത്ത് മരവിച്ച ശവശരീരങ്ങൾ കണക്കെ അങ്ങനെ കിടക്കുക! ഏഴുനാളുകൾക്കുമുമ്പുവരെ മുദ്രാവാക്യങ്ങളും സമരകാഹളങ്ങളും മുഴങ്ങിയിരുന്നു, ഈ പട്ടണത്തിൽ. അവ മുഴക്കിയിരുന്ന ആ സ്വാതന്ത്ര്യപ്രേമികൾ ഇന്നെവിടെ?

ആ തെരുവുപട്ടികളുടെ ഇടയ്ക്കിടെയുള്ള മോങ്ങലിലും ശോകാത്മകത്വം നിറഞ്ഞുതുളുമ്പുന്നതായി തോന്നുന്നില്ലേ? ഇളംകാററ്, ആ പേരാലിലകളോട് കണ്ണുനീരിൻെറ ഭാഷയിൽ എന്തോ പറയുന്നതായി ഒരു പ്രതീതിയുളവാകുന്നില്ലേ? ആ കരിയിലകൾ ചലിക്കുകയല്ല, ഭയംകൊണ്ടു വിറയ്ക്കുകയാണ്. ജാലിയൻ വാലാബാഗിലെ അന്നത്തെ ശോകമൂകമായ പ്രകൃതിയും ഇതിനോട് സാമ്യം വഹിച്ചിരിക്കണം.

മെററലിട്ട വെളുത്ത റോഡുകളിൽ അവിടവിടെയായി ചുമന്ന ചായംകൊണ്ടു വരച്ചതുപോലുള്ള ആ അനവധി വൃത്തങ്ങൾ—നാലോ അഞ്ചോ മുറങ്ങൾ നിരത്തിവച്ചാലുള്ള വിസ്തൃതിയിൽ എങ്ങനെയുണ്ടായി?

മഴവെള്ളം കെട്ടിനിന്ന വററിയ ഇടങ്ങൾ ചുമന്നിരിക്കുമോ?

അതാ, അങ്ങ്—ആ റോഡ് തെക്കോട്ടുവളയുന്ന സ്ഥലത്തിന്ന പടിഞ്ഞാറുവശത്തായി ഒന്നോ രണ്ടോ ചെറുപുന്നകൾ മാത്രമുള്ള ഒരു വലിയ പുരയിടം കാണുന്നില്ലേ? അതു് ഒരു ശ്മശാനമാണു്. പുതുതായി ഉണ്ടാക്കിയ ഒരു ശ്മശാനം. അങ്ങോട്ടു സൂക്ഷിച്ചു നോക്കൂ. ഉദ്ദേശം നാലാൾ ഉയരമുള്ള ആറോ ഏഴോ മൊട്ടക്കുന്നുകൾ അവിടെ സ്ഥിതിചെയ്യുന്നുണ്ടു്, ഇല്ലേ? ഒന്നുകൂടി സൂക്ഷിച്ചുനോക്കുക. മൊട്ടക്കുന്നുകളേപ്പോലെ തോന്നുന്നതേയുള്ളുവെന്നോ? ശരി, കുറേക്കൂടി അടുത്തുചെല്ലുക. ഇപ്പോഴോ? എന്തു്, നിങ്ങൾ അയ്യോ എന്ന നിലവിളിച്ചോ? നിങ്ങളുടെ കണ്ണുകളിൽ എത്ര പെട്ടെന്നു് ഭയം നിറഞ്ഞു! അതെ, നിങ്ങൾക്കു് അവ എന്തെന്നു മനസ്സിലായി. നിങ്ങൾ വ്യക്തമായി കണ്ടു. മനുഷ്യരുടെ ശവശരീരങ്ങൾകൊണ്ടു് കെട്ടിയുയർത്തിയിട്ടുള്ള 'കുന്നു'കളാണവ—അല്ലേ? നിങ്ങൾ നടുങ്ങുന്നോ? ആ ശവംതീനിപ്പട്ടികൾ ആഹ്ലാദംകൊണ്ടു തുള്ളിച്ചാടുമ്പോൾ നിങ്ങൾ എന്തിനു വിളറുന്നു? ആ ശവശരീരങ്ങൾ ഒന്നെണ്ണൂ. അല്ലെങ്കിൽ ഉദ്ദേശം എത്ര വരുമെന്നു പറയൂ. നൂറോ? ഇരുനൂറോ? നാനൂറോ? അഞ്ഞൂറോ? അതിലും കൂടുതലാണെന്നോ! നിങ്ങൾക്കു തെററിപ്പോയി. ബഹുമാനപ്പെട്ട ഗവൺമെണ്ടിൻെറ കണക്കുപ്രകാരം അവ നൂറിൽപ്പരമേയുള്ളൂ. അപ്പോൾ നിങ്ങൾ പറയുന്നതു് ശുദ്ധ ഭോഷ്ക്കല്ലേ? വെറും നുണയല്ലേ?

ഇനോയ്സ്സിൽ ഏഴുനാളുകളുള്ള ആയുള്ള, മൃഗീയമായ ആ നരവേട്ട നടന്നിട്ടു്. ഇന്നത്തെ ചില ബഹുമാനപ്പെട്ട ഗവൺമ്മെണ്ടുകൾ, മനുഷ്യരുടെ ചുടുരക്തം പാനംചെയ്തു് ദാഹം ശമിപ്പിക്കുന്ന ചില ഗില്ലട്ടിൻ യന്ത്രങ്ങൾ മാത്രമല്ലേ? ഒന്നാംതരം യന്ത്രത്തോക്കുകൾ കൊണ്ടാണു് 'ബഹുമാനപ്പെട്ട' ഗവർമ്മെണ്ടു് അവരെ വെടിവച്ചുകൊന്നതു്. കാരണമോ? അവർ രാജ്യദ്രോഹികളാണെന്നു് ബഹുമാനപ്പെട്ടഗവൺമ്മെണ്ടിനു് ബോധ്യമായി. അവർ ചെയ്ത രാജ്യദ്രോഹം എന്തെന്നു കേൾക്കണോ? സമാധാനവുംസുഭിക്ഷതയും കളിയാടുന്ന ഒരു പരിസരം സൃഷ്ടിക്കുന്നതിനുവേണ്ടി, മനുഷ്യൻ മനുഷ്യനായിജീവിക്കുന്നതിനനുയോജ്യമായ ഒരു സുന്ദരലോകം കെട്ടിപ്പടുക്കുന്നതിനുവേണ്ടി മർദ്ദനത്തെയും ചൂഷണത്തേയും അക്രമത്തേയും ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി, അവർ ശ്രമിച്ചു. പ്രഭാതം മുതൽ സായാഹ്നംവരെ അന്യൻെറ പണപ്പെട്ടി നിറയ്ക്കുന്നതിനു്, വിയർപ്പുതുള്ളികൾ പൊഴിച്ചും അരപ്പട്ടിണി കിടന്നും തുരുമ്പു പിടിച്ച യന്ത്രങ്ങളെപ്പോലെ എന്നും കഴിയേണ്ടതിനു പകരം, എല്ലാവക്കും സുഖമായി ജീവിക്കുന്നതിനുതകുന്ന ഒരു പുതിയ സാമ്പത്തികഘടന നിലവിൽ വരുത്തുന്നതിനുവേണ്ടി അവർ ശ്രമിച്ചു. സ്വേച്ഛാധിപത്യത്തെ തകക്കുന്നതിനുവേണ്ടി അവർ ശ്രമിച്ചു. പറയൂ, അവർ രാജ്യദ്രോഹികളല്ലേ? അതെ, സംശയമെന്തു്? പക്ഷെ അത്തരം രാജ്യദ്രോഹികളെയല്ലേ, ഇന്നു വേണ്ടതു്? ദാരിദ്ര്യവും മർദ്ദനവും അടിമത്വവും നിലനിന്നു പോരുന്ന രാജ്യത്തു്?

അങ്ങനെ, ആ ധീരവർഗ്ഗം എല്ലാ പാവപ്പെട്ടവക്കും വേണ്ടിമരിച്ചു: ഭീരുക്കളെപ്പോലെയല്ല്അവസാന

നിമിഷംവരെ—ജീവൻ ശരീരത്തിൽ ശേഷിക്കുംവരെ—അവർ അടരാടി. അനീതിയോടും അക്രമത്തോടും രാജിയില്ലാത്തസമരം നടത്തുന്നതിന്നായി മുന്നോട്ടിറങ്ങിയ ആ വിപ്ലവകാരികൾക്കു ഭയമെന്തെന്ന അറിവില്ലായിരുന്നു.

ആ നരവേട്ടയ്ക്കുശേഷം ഈ പട്ടണം പൈശാചികമായ ഒരു നിയമത്തിൻെറ പിടിയിലമൎന്നു ഞെരിയുകയാണ്. എന്തും പ്രവൃത്തിക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെൻറ്, പട്ടാളക്കാൎക്കു അനുമതി നല്കിയിരക്കുകയാണ്. അവർ എന്തെല്ലാം ഘോരകൃത്യങ്ങളാണിവിടെ ചെയ്യുന്നതെറിയാമോ! അതാ, അവിടെകാണുന്ന ആ ചാമ്പൽക്കൂമ്പാരങ്ങൾക്കുപോലും ഹൃദയത്തെ നടുക്കുന്ന ചില ശോകകഥകൾ പറയുവാനുണ്ട്. അനേകം ചെററക്കുടിലുകളാണ് അവിടെ ഉണ്ടായിരുന്നത്. ഒരു പാതിരാത്രിസമയത്ത് പട്ടാളക്കാർ അവയ്ക്കു തീ കൊളുത്തി. അവയ്ക്കുള്ളിൽ സ്ത്രീകളും കുട്ടികളുംസുഷുപ്തിയിൽലയിച്ചുകിടക്കുകയായിരുന്നു. അവ കത്തിയെരിയുന്നതുനോക്കി പട്ടാളക്കാർ ദൂരെമാറിനിന്നു. ഞെട്ടിയുണൎന്ന് നിലവിളിയോടെ സ്ത്രീകളും കുട്ടികളും വെളിയിലേക്കു ഓടിയപ്പോൾ പട്ടാളക്കാർ ബയണററുകൊണ്ടുകുത്തി. എന്തൊരു പ്രതികാരം! ആ ഏഴകളല്ലേ ആ വിപ്ലവകാരികളെ വളൎത്തിയതു്?

പട്ടാളക്കാരെ സഹായിക്കുന്നതിന്നുഇവിടെ ഇപ്പോൾ ചിലരുണ്ട്. ആ ചിലർ വലിയ വിലയും നിലയുമുള്ളവ

രാണു്. പൊതുജനസേവകന്മാരാണു്. അവരെക്കൊണ്ടുമ്പോൾ പലരും രണ്ടാംമുണ്ടെടുത്തു് കക്ഷത്തിലിറുകി, വായുംപൊത്തിയാണു് നില്ക്കുക. പത്രങ്ങളിലെല്ലാം അവരുടെ പേരുകൾ മിക്കപ്പോഴും കാണുക പതിവാണു്. വിദ്യാഭ്യാസഫണ്ടിന് പണം സംഭാവന ചെയ്യുന്നവരുടെ ലിസ്റ്റിലും, സാധുജനസംരക്ഷണഫണ്ടിന് പണം സംഭാവന ചെയ്യുന്നവരുടെ ലിസ്റ്റിലും, ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഫണ്ടിനു പണം സംഭാവചെയ്യുന്നവരുടെ ലിസ്റ്റിലും മററും അവരുടെ പേരുകളും സ്ഥലം പിടിക്കാറുണ്ടു്. ഉണ്ണാനമുടുക്കാനും ഇല്ലാത്ത ദരിദ്രലക്ഷങ്ങളെക്കുറിച്ചു്, യോഗങ്ങളിൽ അവർ കണ്ണുനീർ പൊഴിച്ചുകൊണ്ടു് പ്രസംഗിക്കാറുണ്ടു്. യാചകന്മാർക്കു് ധർമ്മം കൊടുക്കേണ്ടതാവശ്യമാണെന്നു് അവർ വികാരനിർഭരമായ ഭാഷയിൽ ഉൽബോധിപ്പിക്കാറുണ്ടു്. നാമെല്ലാം സഹോദരന്മാരാണെന്നു് അവർ തുറന്നുപറയാറുണ്ടു്. മതപരമായ സമ്മേളനങ്ങളിൽ പലപ്പോഴും അവരാണു് അദ്ധ്യക്ഷം വഹിക്കുക. അങ്ങനെ, അവർ മഹാഭക്തന്മാരും മഹാമനസ്കന്മാരും ദാനശീലന്മാരും ഉള്ളതിഷ്ഠകളുമാണു്. ഒളിവിലിരിപ്പുള്ളവരും വിപ്ലവകാരികൾക്കു പ്രചോദനം നല്കിയിരുന്നവരുമായ ചിലരെ ഗവമ്മെണ്ടിനു് ഒററിക്കൊടുക്കുന്ന ജോലിയാണു് ആ മഹാത്മാക്കൾ ഇപ്പോൾ ഏറെറടുത്തിട്ടുള്ളതു്.

രണ്ടു നാൾ മുമ്പു് അവരിൽ ഒരാൾ തൻെറ ഒരു

കുടികിടപ്പുകാരനെ പട്ടാളക്കാരെക്കൊണ്ട് പിടിപ്പി ക്കുന്നതു കണ്ടു. ആ സാധു ഒന്നിലും പങ്കെടുത്തവനല്ല. അവൻ യഥാർത്ഥത്തിൽ ചെയ്ത കുററം, ആ പുരയിടത്തിൽ നല്ലപോലെ ദേഹണ്ഡിച്ചുവെന്നതാണ്. ഒരു കാലത്ത് വെറുംപുന്നകൾ മാത്രമുണ്ടായിരുന്ന ആ പുരയിടത്തിൽ ഇന്ന് അറുപതോളം കേരവൃക്ഷങ്ങൾ അവൻെറ അദ്ധ്വാനഫലമായി വളർന്നു നില്പുണ്ട്. അവയെല്ലാം കായ്ക്കാറായിട്ടുമുണ്ട്. ദേഹണ്ഡവിലകൊടുക്കാതെ അവനെ ആ ജന്മി അങ്ങനെ ബുദ്ധിപൂർവം കുടിയിറക്കി! കണ്ണുനീരൊലിപ്പിച്ചുകൊണ്ട്, പട്ടാളക്കാരുടെ തോക്കിൻെറ പാത്തികൊണ്ടുള്ള ഇടിയേററുകൊണ്ട്, അവൻ പോയ കാഴ്ച എത്ര ദയനീയമായിരുന്നു! കശാപ്പുകാരൻെറ കത്തി കാണുമ്പോൾ—തൻെറ അന്ത്യനിമിഷങ്ങൾ അടുത്തുവെന്നറിയുമ്പോൾ ആ ആടിൻെറ മുഖത്തുണ്ടാകുന്ന ഭാവഭേദം സൂക്ഷിച്ചു നോക്കിയിട്ടുണ്ടോ? ഹൃദയമുള്ളവൻ കരഞ്ഞുപോകും. അവൻ പോയ്ക്കഴിഞ്ഞപ്പോൾ അവൻെറ ഭാര്യയേയും കുട്ടികളേയും ആ ചെററക്കുടിലിൽനിന്ന് ആ ജന്മി അടിച്ചോടിച്ചു. ഒരിക്കൽ ഒരു വലിയ യോഗത്തിൽ ഭഗവൽഗീതയെ പരാമർശിച്ചു രണ്ടുമണിക്കൂറോളം ഉജ്ജ്വലമായ ഒരു പ്രഭാഷണം നടത്തിയതു് ആ ജന്മിയാണ്. അശരണയായ ആ സ്ത്രീയും ആ കുഞ്ഞുങ്ങളും ഇന്നു തെണ്ടിനടക്കുകയാവാം. ആ കുടികിടപ്പുകാരൻ, പട്ടാളക്കാരുടെ തല്ലേററു് ഇതിനകം മരിച്ചിരിക്കുമോ? ആർക്കറിയാം.

ആ കരിങ്കാലികളെ തങ്ങളുടെ നീചകൃത്യങ്ങ

ളിൽനിന്നു പിൻതിരിപ്പിക്കുന്നതിന്നു് ഞാൻ ശ്രമിക്കുകയാണു്. സ്വന്തം സഹോദരന്മാരെ, പട്ടാളക്കാരുടെ തോക്കിനിരയാക്കരുതേ—ഈശ്വരൻപോലും ക്ഷമിക്കാത്തകുററം ചെയ്യരുതേ—കരുണയുടെ കണികയെങ്കിലും ആ സാധുക്കളോടു കാണിക്കണേ—എന്നെല്ലാം അനേകംതവണ ഞാൻ ഗദ്ഗദസ്വരത്തിൽ അവരോടു പറഞ്ഞുകഴിഞ്ഞു. മഹാത്മജി പറയുന്ന ആ ഹൃദയപരിവത്തനത്തിലേയ്ക്കു അവരെ നയിക്കുന്നതിന്നു സാദ്ധ്യമാകുമോ എന്നു ഞാൻ പരീക്ഷിക്കുകയാണു്. പക്ഷേ ഇതുവരെയുള്ള അനുഭവം എന്നെ നിരാശയിലേയ്ക്കു വലിച്ചിഴയ്ക്കുകയാണു്. ഞാൻ അന്ധവിശ്വാസിയല്ല., പക്ഷേ അത്ഥശൂന്യമായ ശുഭാപ്തിവിശ്വാസവും എനിക്കില്ല. എൻെറ വാക്കുകൾ അവരുടെ ചെവികളിൽ ഇതുവരെ കയറിയിട്ടില്ല. അവരുടെ ഹൃദയങ്ങളെ ചലിപ്പിച്ചിട്ടില്ല. എൻെറ ആ ഹൃദയപരിവത്തനം പരാജയപ്പെട്ടുമോ? പുലികളെ ആട്ടിൻകുട്ടികളാക്കിത്തീക്കാമെന്നുള്ള എൻെറ അഭിപ്രായം— ധനദുരമോഹികളെ ത്യാഗശീലന്മാരാക്കിത്തീക്കാമെന്നുള്ള എൻെറഅഭിപ്രായം-അഹിംസാപ്രസംഗത്തിലൂടെ ലോകത്തെ സുന്ദരമാക്കിത്തീക്കാമെന്നുള്ള എൻെറ അഭിപ്രായം- വിലപ്പോവുകയില്ലെന്നു യാഥാത്ഥ്യങ്ങൾ എന്നെ പഠിപ്പിക്കുകയാണു്.

"നിങ്ങൾക്കു ഇതിൽ ഇടപെടേണ്ട കായ്യമെന്താണു്?" എൻെറ അക്രമരാഹിത്യ പ്രസംഗംകേട്ടു് മുഷിഞ്ഞ കരിങ്കാലികളിൽ ഒരാൾ എന്നോടു പുച്ഛരസത്തിൽ ചോദിക്കുകയുണ്ടായി.

"ഭീകരമായ ഒരു നരവേട്ട നാം കണ്ടുകഴിഞ്ഞില്ലേ? ഇനിയും കുറെ പാവങ്ങളെക്കൂടി നാം തോക്കുകളുടെ മുമ്പിൽ എറിഞ്ഞുകൊടുക്കണോ? നാംമനുഷ്യരല്ലേ?നമുക്കു മനുഷ്യത്വം ഇല്ലേ?" ഞാനും വിനയപൂർവ്വം ചോദിച്ചു.

"നിങ്ങൾക്കു എന്തറിയാം? എന്തെല്ലാം അക്രമങ്ങളാണു് അവർ ഇവിടെ കാണിച്ചതു്? അവരുടെ ഒരു കുഞ്ഞിനെപ്പോലും ഇനി ഇവിടെ വെച്ചേക്കാൻ പാടില്ല."

"അവർ എന്തു് അക്രമമാണു് കാണിച്ചതു്?"

"അവർ ഇങ്കിങ്കില സിങ്കല പല പല എന്നെല്ലാം വിളിച്ചു് ഇവിടെ അട്ടഹസിച്ചു നടന്നില്ലേ?"

"ഓഹോ! അവർ ഇൻകചിലാബ്—സിന്ദാബാദ് എന്നു വിളിച്ചുനടന്നു, ഇല്ലേ? അതാണോ അവർ കാണിച്ച അക്രമം?"

"അതു് അക്രമമല്ലേ? നിങ്ങളെപ്പോലുള്ളവൎക്കു അതു് അക്രമമായിത്തോന്നുകയില്ലായിരിക്കാം! ചന്ദ്രനെ കണ്ടിട്ടു് പെണ്ണിന്റെ മോന്തയാണെന്നു പറയുന്ന കവികളാണല്ലോ നിങ്ങളെല്ലാം!" അദ്ദേഹം എന്നെ പരിഹസിച്ചു.

"അങ്ങനെയുള്ള കവികളുമുണ്ടു്. അതിരിക്കട്ടെ, ഇൻകചിലാബ്—സിന്ദാബാദ് എന്നു പറയുന്നതിന്റെ അൎത്ഥമെന്തെന്നറിയാമോ?

"അക്രമം! അക്രമം!! അല്ലാതെന്തു്?" അയാൾ ഗൗരവപൂർവ്വം ചോദിച്ചു.

"അല്ല, വിപ്ലവം ജയിക്കട്ടെ എന്നാണ്."

"ഉം! വിപ്ലവം ജയിക്കട്ടെ! അങ്ങനെപറഞ്ഞാൽ അക്രമമാകുകയില്ലായിരിക്കും!!" വീണ്ടും പരിഹാസ സ്വരം.

"ഒരിക്കലും അക്രമമാകുകയില്ല. മനുഷ്യത്വം ജയിക്കട്ടെ—നീതിയും ധമ്മവും ജയിക്കട്ടെ—സുഖവും സുഭിക്ഷതയും കളിയാടട്ടെ-എന്നെല്ലാം പറയുന്നതു് അക്രമമാണെങ്കിൽ വിപ്ലവം ജയിക്കട്ടെ എന്നു പറയുന്നതും അക്രമമാണ്. രാഷ്ട്രീയവും സാമ്പത്തികവുമായ മർദ്ദനവും ചൂഷണവും പരമകാഷ്ഠയിലെത്തുമ്പോൾ മാത്രമേ അവയ്ക്കു ഇരയായ ജനത വിപ്ലവത്തെപ്പററി സ്മരിക്കാറുള്ളു." ഞാൻ തെല്ലു് വികാരക്ഷുഭിതനായി.

"അപ്പോൾ നിങ്ങൾ അവരുടെ പക്ഷപാതിയാണെന്ന് തോന്നുന്നല്ലോ."

"ഞാൻ ആരുടേയും പക്ഷപാതിയല്ല. നീതിയുടേയും സത്യത്തിൻേറയും പക്ഷപാതി മാത്രമാണ് ഞാൻ. അല്ല, ഞങ്ങൾ!"

അയാൾക്കു് എൻെറ മറുപടി തീരെ രസിച്ചില്ല. അക്രമരാഹിത്യത്തെപ്പററി ഭംഗിയായി പ്രസംഗിക്കുന്നതിനും എനിക്കുള്ള സാമത്ഥ്യക്കുറവായിരിക്കണം, അതിനു കാരണം. അയാൾ ഒരക്ഷരംപോലും പറയാതെ നടന്നുപോയി.

ഇനി മറെറാരു രംഗം. സമയം സന്ധ്യയോടടുത്തിട്ടുണ്ടു്. ഞാൻ ഏകനായി ഒരു പീടികത്തിണ്ണയിൽ ഇരിക്കുകയാണ്. എൻെറ ഹൃദയം ശോകനിർഭരമാണു് കഴിഞ്ഞ ഏതാനും നാളുകളായി ചുറു

പാട്ടും കാണുന്ന ഭയങ്കര കാഴ്ചകൾ, ഉറക്കത്തിൽ ഒരു ദുസ്വപ്നം മാത്രമായി പരിണമിക്കണമേ എന്നു ഞാൻ ആശിക്കുകയാണ്. ഒരു ഭ്രാന്തൻെറ ആശ! അതെ, ഞാൻ ഒരു ഭ്രാന്തനായിത്തീർന്നിരിക്കുകയാണോ എന്നു പോലും സംശയിക്കുന്നുണ്ട്. ആരെയാണ് ഇക്കാഴ്ച കൾ ഭ്രാന്തു പിടിപ്പിക്കാതിരിക്കുക?

ദൂരെ നിന്ന് ഒരു ലോറി പാഞ്ഞുവരുന്നതുകണ്ട് ഞാൻ ചാടി എണീററു. അത് പട്ടാളലോറിയാണ്. അതിൽ ഇരിപ്പുള്ള പട്ടാളക്കാർക്കു വഴിയിൽ കാണു ന്ന ആരെയും വെടിവെയ്ക്കുന്നതിനു അധികാരമുണ്ട്. എൻെറ മുണ്ടും ഉടുപ്പും മുഷിഞ്ഞതുമാണ്. ഞാൻ അടുത്തുള്ള ഒരു ഇടവഴിയിൽക്കൂടി ഓടി അകലേ ചെ ന്നുനിന്നു.

ആ പട്ടാളലോറി ഞാൻ ഇരുന്ന പീടികത്തിണ്ണ യുടെ മുമ്പിലുള്ള റോഡിൽ വന്നു പെട്ടെന്നുനിന്നു. എ ൻെറ നെഞ്ഞിടിപ്പു ദ്രുതതരമായി. ഞാൻ നിന്ന സ്ഥ ലത്തിനു സമീപമായി അധികം കൈതകൾനില്പുണ്ട്. ഒളിച്ചിരിക്കുന്നതിനു അപ്പോൾ ആ സ്ഥലം മാത്രമേ ഞാൻ കണ്ടുള്ളു. കാലുകളിൽ മുള്ളുകൾ തുടരെത്തുട രെ തുളച്ചുകയറി. എങ്കിലും എനിക്കു വേദന തോ ന്നിയില്ല. ആ കൈതക്കൂട്ടത്തിനിടയിൽ ഞാൻ പതു ങ്ങിയിരുന്നു. ശ്വാസംപോലും വിടാൻ ധൈര്യമി ല്ലാതെ.

പട്ടാളക്കാർ ലോറിയിൽനിന്ന് ഇറങ്ങി. അവ രുടെ കൂട്ടത്തിൽ അസ്ഥിപഞ്ജരംപോലെ തോന്നിക്കു ന്ന ഒരാളെ ഞാൻ കണ്ടു. ഒരു മുഷിഞ്ഞ മുണ്ടുടുത്തിട്ടു

ണ്ടു്. തലമുടി ചിന്നിച്ചിതറിക്കിടക്കുകയാണു്. ഞാൻ അയാളെ സൂക്ഷിച്ചുനോക്കി. ആരെന്നു് എനിക്കു മനസ്സിലായി. ഒരു സാധുതൊഴിലാളി! അയാളുടെ ചെററക്കുടിൽ എൻെറ വീടിനു സമീപമാണു്. അക്കാരണത്താൽ അയാളെപ്പററി കൂടുതൽ എനിക്കു അറിയാം. ഒളിവിലായിരുന്ന അയാളെ അവർ എങ്ങനെ പിടികൂടി! ഞാൻ അമ്പരപ്പോടെ സ്വയം ചോദിച്ചു. ആ കരിങ്കാലികളുടെ ഓർമ്മ പെട്ടെന്നെനിക്കുണ്ടായി. ആ കരിങ്കാലികൾ അയാളെ തിരക്കിനടന്നതു് ഞാൻ കണ്ടതാണു്.

"നടക്കെടാ റാസ്കൽ" ഒരു പട്ടാളക്കാരൻ അങ്ങനെ ഗർജ്ജിച്ചുകൊണ്ടു് അയാളുടെ നെഞ്ചത്തു് ഒരു ചവിട്ടുകൊടുത്തു. അയാൾ റോഡിലേക്കു മറിഞ്ഞുവീണുപോയി.

"എണീക്കെടാ പുല്ലേ!" മറെറാരു പട്ടാളക്കാരൻ ഗർജ്ജിച്ചു.

ജീവശ്ശവംപോലെ അയാൾ കിടന്നതേയുള്ളു.

"നീ എണീക്കയില്ലെടാ, പട്ടീ!" വേറൊരു പട്ടാളക്കാരൻ അടുത്തുചെന്നു് അയാളുടെ കാലിൽ പിടിച്ചു.

വാഴപ്പിണ്ടിയെന്നപോലെ ആ പട്ടാളക്കാരൻ ആ സാധുവിനെ റോഡിലൂടെ വലിച്ചിഴച്ചുതുടങ്ങി. മററു പട്ടാളക്കാർ അക്കാഴ്ചകണ്ടു് പൊട്ടിച്ചിരിയ്ക്കുകയാണു്. അവക്കു് ആനന്ദകരമായ കാഴ്ചയാണതു്. എൻെറ കണ്ണുകളിൽ ഇരുട്ടുനിറഞ്ഞു. തല കറങ്ങി. ആ അസ്ഥിപഞ്ജരത്തിൻെറ കണ്ഠത്തിൽനിന്നു പുറപ്പെട്ട നിലവിളികൾ എൻെറ ആത്മാവിനെ കുത്തിമുറിവേൽ

പ്പിച്ചു. ഞാൻ എന്തുചെയ്യും? കാണുകയല്ലാതെ? ഞാൻ ദുസ്സഹമായ വേദനയോടെ പല്ലിറുമ്മി.

പത്തോ പതിനഞ്ചോ മിനിററുകൾക്കുശേഷം പട്ടാളക്കാർ അയാളുടെ കാലിലെ പിടിവിട്ടിട്ട്; ഗർജ്ജിച്ചു.

"എണീക്കടാ, പട്ടീ!"

ആ സാധു മെല്ലെമെല്ലെ എണീററു.

"ഇപ്പോൾ നിനക്കു എണീക്കാൻ ശക്തികിട്ടി, ഇല്ലേടാ?" അപ്പോൾ അകലെ മാറിനിന്ന ഒരു പട്ടാളക്കാരൻ മുന്നോട്ടുവന്നു് അയാളുടെ കരണത്തു് ആഞ്ഞൊന്നടിച്ചു.

"നടക്കടാ അങ്ങോട്ട് —" ആജ്ഞമുഴങ്ങി.

ആ ജീവഛവത്തെയുംകൊണ്ടു് പട്ടാളക്കാർ ആ ഇടവഴിയിലൂടെ നടന്നു, അതാ, എന്റെ നേരെ വരികയാണു്. ഞാൻ ഭയംകൊണ്ടു് വിറച്ചുതുടങ്ങി. ശരീരംവിയർത്തു. ഞാൻ ശ്വാസമടക്കി നിലംപററിക്കിടന്നു.

ഭാഗ്യം! അവർ എന്നെകണ്ടില്ല. അവർ കടന്നുപോയി.

ആ പട്ടാളസംഘം അല്പംദൂരെ എത്തിയപ്പോൾ ഞാൻ കൈതക്കൂട്ടത്തിനിടയിൽനിന്നു് എണീററു. കാലിലും കൈയിലും മററും തുളച്ചുകയറിയിരുന്ന മുള്ളുകൾ എടുത്തുകളഞ്ഞു.

ഇരുട്ട് വ്യാപിച്ചുതുടങ്ങിയിരുന്നു. ഞാൻ പട്ടാളക്കാരുടെ പുറകെ ചെന്നു. അവർ അയാളെയും കൊണ്ടു് ആ ചെററക്കുടിലിലേയ്ക്കു് തിരിച്ചിരിക്കയാ

ന്നു എനിക്കു ഊഹിക്കുന്നതിനു കഴിഞ്ഞു. ആ രാത്രിയിൽ അവിടെ എന്തോ ഭീകരമായ ഒരു സംഭവം നടക്കുവാൻ പോകുന്നതായി എനിക്കുതോന്നി. അയാളെയും അകത്താക്കി ആ പെററക്കുടിലിനു തീ വയ്ക്കുന്നതിനു അവർ വിചാരിക്കുകയായിരിക്കുമോ? നടുങ്ങലോടെ ഞാൻ സ്വയം ചോദിച്ചു.

പട്ടാളക്കാർ കുടിലിന്റെ മുമ്പിൽ ചെന്നു നിന്ന് ആജ്ഞ മുഴക്കി. വിളക്കു കത്തിക്കുന്നതിന് അവിടെ മണ്ണെണ്ണയുണ്ടോ? ഉണ്ടായിരിക്കണേ എന്നു ഞാൻ പ്രാർത്ഥിച്ചു, വിളക്കു കത്തിച്ചില്ലെങ്കിൽ ആജ്ഞാലംഘനകുററത്തിനു ആ പട്ടിണിപ്പാവങ്ങളെ നിർദ്ദയം മർദ്ദിക്കുന്നതിന് അവർ മടിക്കുകയില്ലെന്നു എനിക്കറിയാം. ആ കൊച്ചുപറമ്പിന്റെ അരികിൽ കുടിലിന്നഭിമുഖമായി, വളർന്നുനിന്ന ഒരു പുന്നമരത്തിൽ കയറി ഞാൻ ഇരിപ്പായി.

ആരോ വിളക്കുകത്തിച്ചു. ആവൂ! ആ കുടിലിന്റെ മുററത്തു് വെളിച്ചം വ്യാപിച്ചു. ഒരു സ്ത്രീരൂപം വാതില്ക്കൽ പ്രത്യക്ഷപ്പെട്ടു. അവൾ ആ തൊഴിലാളിയുടെ ഭാര്യയാണു്:

“ഇറങ്ങിവാടി, പുറത്തു്.” ഒരു പട്ടാളക്കാരൻ മുന്നോട്ടടുത്തു. മററൊരു പട്ടാളക്കാരൻ അവളുടെ മുഖത്ത് ‘ടോർച്ചടിച്ചു.

“തരക്കേടില്ല” ആരോ അഭിപ്രായപ്പെട്ടു.

“അയ്യോ! എന്റെമ്മേ!” ദയനീയമായ ഒരു നിലവിളി.

മുന്നോട്ടടുത്ത പട്ടാളക്കാരൻ അവളുടെ കൈക്കു പിടിച്ചു വലിക്കുകയാണ്. അവശ പിടിവിട്ടുവിക്കുന്നതിനു ശ്രമിക്കുകയാണ്.

"അയ്യോ എൻറമ്മോ!" രണ്ടാമത്തും നിലവിളി ഉയൎന്നു. ആ കുടിലിലെ പിഞ്ചുപൈതങ്ങളും നിലവിളിക്കുന്നതു കേട്ടു.

"ദ്രോഹീ! അവളെ അപമാനിക്കരുതു്." ആ തൊഴിലാളിയുടെ ശബ്ദം മുഴങ്ങി. "നിനക്കു കോപം വന്നു ഇല്ലേടാ പട്ടീ!"

പടക്കംപൊട്ടുംപോലുള്ള ഒരു ശബ്ദം. ആ തൊഴിലാളി നിലംപതിച്ചു. പക്ഷേ ഒരു നിമിഷത്തിനുള്ളിൽ അയാശ ചാടി എണീററു. അയാശ മുന്നോട്ടുകുതിക്കുവാൻ ഭാവിക്കവേ, ബയണററുകശ അയാളെ തടഞ്ഞു.

ആ കുടിലിനകം നിശ്ശബ്ദമായി. ആ പാവങ്ങശ ഭയംകൊണ്ടു് വിറയ്ക്കുകയായിരിക്കണം!

ആ സ്ത്രീയെ പിടിച്ചിഴച്ചുകൊണ്ടുപട്ടാളക്കാരൻ ഇരുളിലേക്കു നീങ്ങുകയാണ്. നിസ്സഹായയായ അവശ കരങ്ങശ നിലത്തിട്ടടിക്കുകയാണ്. നിലവിളിക്കുകയാണ്.

"ദ്രോഹീ! അവളെ അപമാനിക്കരുതു്." ആ തൊഴിലാളി സൎവ്വശക്തിയും ഉപയോഗിച്ചു് രണ്ടാമത്തും ഉച്ചത്തിൽ പറഞ്ഞു. പട്ടാളക്കാർ ഹാസ്യരസത്തിൽ പൊട്ടിച്ചിരിക്കുന്നതു കേട്ടു.

ആ സ്ത്രീയെ ഇരുൾ വിഴുങ്ങി. ഏതാനും നിമിഷനേരം കൂടി ഇരുളിൽനിന്ന ആ ദയനീയമായ നിലവിളി മുഴങ്ങിക്കേട്ടു. ഒടുവിൽ എല്ലാം നിശ്ശബ്ദമായി!

ഞാൻ വിറയലോടെ മരത്തിൽനിന്ന താഴെ ഇറങ്ങി. ഒരടിപോലും മുന്നോട്ടുവയ്ക്കുന്നതിന് എനിക്ക ശക്തിയില്ലാതായി. ഞാൻ തളരുകയായി. എൻെറ ശിരസ്സാടം പുകയുകയായി.

ആ സ്ത്രീയെ എന്തിന്ന കൊണ്ടുപോയെന്ന മനസ്സിലാക്കുന്നതിന് എനിക്ക കഴിഞ്ഞു. ആ രാത്രി അവർ ഓരോരുത്തരും അവളെ!...ഞാൻ നടുങ്ങി.

പായിൽ ചെന്നുകിടന്ന അധികനേരംകഴിഞ്ഞിട്ടും എനിക്കുറക്കം വന്നില്ല. ദയനീയ നിലവിളികൾ തുടരെത്തുടരെ ചെവിയിൽ മുഴങ്ങുംപോലെ എനിക്ക തോന്നി. എൻെറ കണ്ണുകളിൽ നിന്ന ധാരയായി ജലം ഒഴുകി.

അടുത്ത പ്രഭാതത്തിൽ ഞാൻ കേട്ടു, അവൾ മരിച്ചുപോയെന്ന്.

"അങ്ങനെതന്നെ സംഭവിക്കണം. എങ്കിലേ അവരുടെയെല്ലാം അഹങ്കാരം നശിക്കുകയുള്ളു." ഖദർ വസ്ത്രങ്ങൾ ധരിച്ച ആ യുവാവ് എന്നോടുപറഞ്ഞു തലേന്ന രാത്രിയിൽ നടന്ന ആ മൃഗീയ സംഭവം ഞാൻ അയാളെ അറിയിച്ചപ്പോൾ.

നടുങ്ങലോടെ ഞാൻ അയാളുടെ മുഖത്തേക്ക നോക്കി. അയാളിൽ നിന്ന ഞാൻ ആ വാക്കുകൾ

പ്രതീക്ഷിച്ചതല്ല. അയാൾ ഒരു 'ദേശീയവാദിയാ'ണെന്നു പലരും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. അയാളുടെ വീട്ടിൽ ചക്കായുണ്ടത്രെ. അയാൾ നൂൽനൂക്കാറുണ്ടത്രെ. പക്ഷെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തിനുവേണ്ടിപ്പോരാടിയ ആ ധീരന്മാർ അഹങ്കാരികളാണെന്നുപറഞ്ഞപ്പോൾ അയാൾ ധരിച്ചിട്ടുള്ളതു് കള്ളഖദറല്ലെന്നു വിശ്വസിക്കുന്നതിന് എനിക്കു പ്രയാസമുണ്ടായി. ആ മൃഗീയസംഭവത്തെ നീതീകരിച്ച അയാൾ മനുഷ്യനാണോ എന്നുപോലും ഞാൻ സംശയിച്ചു. എന്തു ചെയ്യാം, ഇന്നു് ഖദർ വസ്ത്രങ്ങൾക്കുള്ളിൽ പല വിഷജന്തുക്കൾക്കും ആപൽശങ്ക കൂടാതെ ജീവിക്കുക സുസാദ്ധ്യമായിത്തീർന്നിട്ടുണ്ടു്.

"അവർ സ്വാതന്ത്ര്യത്തിനുവേണ്ടിപ്പോരാടിയതു് അഹങ്കാരമായിപ്പോയി, ഇല്ലേ?" ഏതാനും നിമിഷത്തെ മൌനത്തിനുശേഷം ഞാൻ ശാന്തസ്വരത്തിൽ ചോദിച്ചു.

"താഴ്ന്നതരം ആളുകളുടെ സമരഫലമായി കിട്ടുന്ന സ്വാതന്ത്ര്യം ഞങ്ങൾക്കു ആവശ്യമില്ല. അവർക്കു വിദ്യാഭ്യാസമുണ്ടോ? അവർക്കു മാന്യതയുണ്ടോ?" അയാളുടെ മുഖത്തു് പുച്ഛരസം വ്യക്തമായി കണ്ടു.

"എങ്കിലും നമ്മെപ്പോലുള്ള വിദ്യാസമ്പന്നന്മാരേയും മാന്യന്മാരേയുംകാൾ കൂടുതൽ സംസ്കാരം അവർക്കുണ്ടു്." വികാരങ്ങൾ പ്രയാസപ്പെട്ടു നിയന്ത്രിച്ചുകൊണ്ടു് ഞാൻ പറഞ്ഞു.

"ഓ! നിങ്ങളും ഒരു പു. സാ. ക്കാരനാണോ?" ആ മാന്യമായ യുവാവ് പരിഹാസപൂർവ്വം ചിരിച്ചു.

ഏതാനും നിമിഷനേരത്തെ മൌനത്തിനുശേഷം ഞാൻ പറഞ്ഞു:—

"അതിരിക്കട്ടെ, സ്നേഹിതാ! നിങ്ങൾ ഇപ്പോഴും ചക്കായിൽ നൂൽനൂല്ക്കാറുണ്ടോ? നിങ്ങളെപ്പോലുള്ള മാന്യന്മാർക്കാണ് ഇനിമേൽ ചക്കായുടെ ഏററവും വലിയ ആവശ്യമുള്ളതു്. എന്നും നൂൽനൂല്ക്കുക. അതുമൂലം ഇനി പലതും സാധിക്കാം. എന്നാൽ തല്ക്കാലം പിരിയട്ടെ. പിന്നെക്കാണാം."

ഞാൻ നടന്നു, ശോകഭരിതമായ ഹൃദയവും പേറിക്കൊണ്ടു്.

—:*:—

THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.*.................................. *Acc. No.*..................................

This book should be returned on or before the date last stamped below.

## ഗാനഭരണങ്ങൾ.

ശ്രീ. എസ്. കെ. ആർ. കമ്മത്ത്, ഈ. എം. കോവൂർ, വെള്ളൂർ രാമൻനായർ മുതലായ സുപ്രസിദ്ധ കാഥികന്മാരുടെ കലാസുന്ദരമായ ഉപകഥകളുടെ സമാഹാരം.

ആവശ്യപ്പെടുക

മാനേജർ.

പി. വി. പി. സ്റ്റോഴ്സ്

കലവൂർ (ആലപ്പുഴ)

തിരുവിതാംകൂർ സ്റ്റേറ്റ്